തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശകം

ഒക്ടോബർ 2026 പുസ്തകം 2 ലക്കം 10



നിർമലം ഇനി കേരളം



ഒരുക്കാം സൗഹൃദ ഇടങ്ങൾ

ബഹു. തദ്ദേശവകുപ്പ് മന്ത്രി **കെ.എം. ഷാജി** സംസാരിക്കുന്നു

കേരള സർക്കാർ

LSGD

അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പ് എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അഴിമതി / കൈക്കൂലി സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക്

807 806 60 60

എന്ന വാട്സ്ആപ്പ് നമ്പറിൽ അറിയിക്കാം.

തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശകം

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

ഒക്ടോബർ 2026 പുസ്തകം 2 ലക്കം 10

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
കെ എം ഷാജി
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

കൺവീനർ
ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

അംഗങ്ങൾ
അപൂർവ്വ ത്രിപാഠി ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

സുഫിയൻ അഹമദ് ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)

എൻ ദേവിദാസ് ഐ.എ.എസ്
ഡയറക്ടർ, കില

രാജേഷ് ടി.എൻ.
ചീഫ് ടൗൺ പ്ലാനർ

സന്ദീപ്. കെ.ജി
ചീഫ് എൻജിനീയർ

എം.പി. അജിത്കുമാർ
അഡീഷണൽ ഡയറക്ടർ

അനിൽ അക്കര
പ്രസിഡന്റ്,
ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

കോട്ടയിൽ രാധാകൃഷ്ണൻ
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

ചെയർപേഴ്സൺ,
ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

എം.പി. ജാക്സൺ
ചെയർമാൻ,
ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്,
മേയേർസ് കൗൺസിൽ

സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

എഡിറ്റർ
പ്രവീൺ എസ്.ആർ.
ചീഫ് ഓഫീസർ,
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

അസിസ്റ്റന്റ് എഡിറ്റർ
ദിനിൽ. ആർ
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്
ആദർശ് പി. നായർ

സർക്കുലേഷൻ മാനേജർ
പ്രശാന്ത് ആർ.
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

കവർ & ലേ-ഔട്ട്
ദീപക് മൗത്താട്ടിൽ

ഓഫീസ്
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2786332

ribkerala@gmail.com
lsgdpr2024@gmail.com

എഡിറ്റോറിയൽ

പുതിയൊരു യജ്ഞത്തിന് തുടക്കമിടുമ്പോൾ

സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള നിർമലം പുതുയുഗ ശുചിത്വ കേരളം എന്ന യജ്ഞത്തിന് തുടക്കം കുറിച്ചിരിക്കുകയാണ് നമ്മൾ. 2026 ഗാന്ധിജയന്തിദിനത്തിൽ ആരംഭിച്ചു 2027 വരെയുള്ള ഹൃസ്വകാലം 2027 ഗാന്ധിജയന്തി ദിനം മുതൽ 2030 ജൂൺ 5 പരിസ്ഥിതി ദിനം വരെയുള്ള മധ്യകാലം അതുമുതൽ 2031 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെയുള്ള ദീർഘകാലം.

എല്ലാ വാർഡുകളിലുമുള്ള ഒരു മാലിന്യ നിക്ഷേപക കേന്ദ്രമെങ്കിലും കണ്ടെത്തി വൃത്തിയാക്കി നിലനിർത്തുന്ന IC 100 (ഐ കെയർ, ഐ ക്ലീൻ, ഐ കമ്മിറ്റ്) ചലഞ്ച് നിർമലം പദ്ധതിയുടെ ആദ്യ നൂറു ദിനത്തിനകം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. മാലിന്യനിർമ്മാർജ്ജനത്തിൽ ഇത്രയും ദീർഘകാലയളവിലുള്ളതും ബൃഹത്തായതുമായ പദ്ധതി സംസ്ഥാനം ഇതിനു മുൻപ് നടപ്പിലാക്കിയിട്ടില്ല. സർക്കാർ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും ഇതിൽ മുന്നിട്ടിറങ്ങുമെങ്കിലും ക്യാമ്പയിന്റെ വിജയം പരിപൂർണ ബഹുജന സഹകരണം ആശ്രയിച്ചിരിക്കും എന്നത് എടുത്തുപറയേണ്ടതില്ലലോ . നിർമലം പുതുയുഗ ശുചിത്വ കേരളം പരിപാടിയുടെ ഉദ്ഘാടനം സംബന്ധിച്ച റിപ്പോർട്ടും പരിപാടിയുടെ വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട നടപടികളെന്താണെന്നതും ഈ ലക്കത്തിൽ വായിക്കാം.

മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ആത്യന്തിക ലക്ഷ്യം സന്തോഷകരമായി ജീവിക്കുക എന്നതാണല്ലോ. വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാറുകളുടെയും ലക്ഷ്യം മറ്റൊന്നല്ല. എന്നാൽ ദൈനംദിന ജീവിതത്തിന്റെ തിരക്കിൽ നമ്മുടെയൊക്കെ വ്യക്തിജീവിതങ്ങളിൽ ഈ സന്തോഷം പ്രതിഫലിക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ സംശയിക്കാതെ നിവർത്തിയില്ല. ഇതിനൊരുപരിഹാരമായിട്ടുള്ളത് സന്തോഷത്തിനായുള്ള ഇടങ്ങൾ ഒരുക്കുക എന്നതാണ് ആഗോള തലത്തിൽ തന്നെയുള്ള ചിന്താഗതി. അതിനുചുവടുപിടിച്ചു നമ്മുടെ നാട്ടിൽ പ്രായലിംഗവ്യത്യാസമില്ലാതെ സൗഹൃദഇടങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച ആശയം മുന്നോട്ടുവയ്ക്കുകയാണ് നമ്മുടെ വകുപ്പ് മന്ത്രി ശ്രീ കെ എം ഷാജി. അദ്ദേഹത്തിന്റെ ആശയങ്ങളെ കുറിച്ച് വിശദമായി വായിക്കാം ഈ ലക്കത്തിൽ.

പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കാനും സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും ഏതൊരു പൊതു സ്ഥാപനത്തിനും ആവശ്യമുള്ളതാണ് ഒരു ഫീഡ്ബാക്ക് സംവിധാനം. സർക്കാരിന്റെ നൂറുദിന പരിപാടിയിലുൾപ്പടുത്തി നടപ്പാക്കിയ ക്യൂ ആർ കോഡ് പദ്ധതിയിലൂടെ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തികളിൽ മാർക്കിടാൻ ജനങ്ങൾക്ക് ഒരവസരം തുറന്നുകിട്ടുകയാണ്. ക്യു ആർ കോഡ് പദ്ധതിയെപ്പറ്റിയും ഈ ലക്കം പ്രതിപാദിക്കുന്നുണ്ട്.

രാജ്യം പദ്മഭൂഷൺ നൽകി ആദരിച്ച കേരളത്തിന്റെ സ്വന്തം പരമ്പരാഗത നെൽ വിത്തുകളുടെ കാവലാൾ ചെറുവയൽ രാമൻ നമ്മെ വിട്ടുപിരിഞ്ഞ മാസം കൂടിയാണ് കഴിഞ്ഞുപോയത് തന്റെ അടുത്തുവന്നവർക്കെല്ലാം അദ്ദേഹം നല്കാറുണ്ടായിരുന്നത് നെൽവിത്തുകളായിരുന്നു. സ്നേഹത്തിന്റെ ആ നെൽവിത്തുകൾ വരുംതലമുറകൾക്കു കൈമാറേണ്ട ദൗത്യം നമ്മുടേതാണ് .

പ്രവീൺ എസ്.ആർ.
എഡിറ്റർ

ഉള്ളടക്കം



06
ആനന്ദത്തിനായി ഒരു ചുവടുവയ്പ്പ്

10
യുദ്ധത്തെ കുറിച്ച് മാത്രമല്ല,
സന്തോഷത്തെക്കുറിച്ച് കൂടി
ചിന്തിക്കുന്ന ലോകം

14
സീറോ വേസ്റ്റ് സംസ്ഥാനമാക്കി
കേരളത്തെ മാറ്റും:
മുഖ്യമന്ത്രി വി ഡി സതീശൻ

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും വികസന മാതൃകകളും ജനങ്ങളിലേക്കെത്തിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന **'തദ്ദേശകം' മാസികയിലേക്ക് ലേഖനങ്ങൾ, വാർത്തകൾ, റിപ്പോർട്ടുകൾ, ചിത്രങ്ങൾ തുടങ്ങിയവ ക്ഷണിക്കുന്നു.**

ഗ്രാമസഭകളുടെ വിജയഗാഥകൾ, വാർഡ്തല വികസന പ്രവർത്തനങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ നൂതന പദ്ധതികൾ, മികച്ച മാതൃകകൾ, ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അനുഭവക്കുറിപ്പുകൾ എന്നിവയെല്ലാം ഈ മാസികയിലൂടെ വായനക്കാരിലേക്ക് എത്താറുണ്ട്. തദ്ദേശഭരണ രംഗത്ത് പ്രവർത്തിക്കുന്നവർക്കും, ഗവേഷകർക്കും, പൊതുജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമായ രീതിയിലാണ് മാസിക തയ്യാറാക്കുന്നത്.

അയക്കേണ്ട വിലാസം:

നിങ്ങളുടെ പ്രദേശത്തെ വികസന വാർത്തകളും ലേഖനങ്ങളും ചിത്രങ്ങളും താഴെ പറയുന്ന നമ്പരിലോ ഇമെയിൽ വിലാസത്തിലോ അയക്കാവുന്നതാണ്:

ഇമെയിൽ: ribkerala@gmail.com

വാട്സ്ആപ്പ് നമ്പർ: **9446186442**

നാടിന്റെ വികസന മുന്നേറ്റങ്ങളും തദ്ദേശ ഭരണ രംഗത്തെ പുതിയ അനുഭവങ്ങളും മറ്റുള്ളവരുമായി പങ്കുവെക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുക.

ചീഫ് എഡിറ്റർ





16
നിർമലം ഇനി കേരളം

18
ഏറ്റെടുക്കാം IC 100 Challenge

20
ആർത്തിരമ്പി തൂഫാൻ തദ്ദേശം

22
ജനം പറയട്ടെ

24
സ്ത്രീകളുടെ സർഗാത്മക
ശബ്ദമായി കുടുംബശ്രീ

28
നെൽവിത്തുകളുടെ
കാവലാൾ യാത്രയായി

30
നൂൽപ്പുഴയുടെ കർമ്മസാരഥികളായി
ഹരിതകർമ്മസേന

32
ഇംബൈബ്
അറിവിന്റെ പുതിയ വഴിയൊരുക്കിയ
ജനകീയ ഇടപെടൽ

36
മാലിന്യസംസ്കരണം
നാളെയുടെ ജീവിതത്തിനായുള്ള പോരാട്ടം
മന്ത്രി കെ. എം. ഷാജി

38
ജൈവസമ്പത്ത് സംരക്ഷണത്തിന്
മുൻഗണന നൽകണം:
മന്ത്രി കെ. എം. ഷാജി

40
ക്യാമ്പസുകളിൽ ഇനി
കുടുംബശ്രീയുടെ
ജെൻസി വൈബ്

42
തദ്ദേശ ഭരണത്തിൽ
മാറ്റത്തിന്റെ പുതുവഴി തെളിച്ച് തേവലക്കര



ആനന്ദത്തിനായി ഒരു ചുവടുവയ്പ്പ്

ആനന്ദിക്കാൻ ആഗ്രഹിക്കാത്തവർ ആരുണ്ട്. എന്നാൽ നിത്യജീവിതത്തിന്റെ തിരക്കിൽ ആനന്ദം ഒരു പ്രഹേളികയാകുന്നു.

ആനന്ദിക്കാൻ ആഗ്രഹിക്കുന്ന എന്നാൽ അതിനുള്ള ഇടവേളകൾ കണ്ടെത്താനാവാത്ത തലമുറയ്ക്കായി ആനന്ദിക്കാൻ അനുയോജ്യമായ ഇടങ്ങൾ ഒരുക്കാൻ മുന്നിട്ടിറങ്ങുകയാണ് ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി കെ എം ഷാജി. അദ്ദേഹത്തിന്റെ വാക്കുകളിലൂടെ.

'ഒരു രാജ്യത്തിന്റെ പുരോഗതി അളക്കുന്നതിനുള്ള മാനദണ്ഡം ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ് (GDP) *മാത്രമാകരുത് എന്ന ചിന്താഗതി ഇന്ന് ആഗോളതലത്തിലുണ്ട്. പകരം, 'ഗ്രോസ് നാഷണൽ ഹാപ്പിനസ് ഇൻഡക്സ്' (മൊത്ത ദേശീയ സന്തോഷ സൂചിക) ആയിരിക്കണം മാനദണ്ഡം. ഈ ആശയമാണ് സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സന്തോഷിക്കാനുള്ള ഇടങ്ങൾ ഒരുക്കുക എന്ന കാഴ്ച്പ്പാടിലേക്കു ഞങ്ങളെ എത്തിച്ചത്.'*

കെ.എം. ഷാജി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

എന്താണു ആനന്ദം അഥവാ ഹാപ്പിനെസ്സ് പദ്ധതി ?

ഹാപ്പിനസ്സിന്റെ ഇൻഡക്സ് ഉയരുക എന്നതാണ് ഒരു രാജ്യത്തിന്റെ അടിസ്ഥാനപരമായ വികസനം . ഒരു സ്ഥലത്ത് റോഡില്ല എന്നത് ആ നാട്ടിലെ ആളുകളുടെ ദു:ഖമാണ്. അവിടെ റോഡ് വരുന്നു എന്നുള്ളത് വികസനം ഉണ്ടാകുന്നു എന്നത് മാത്രമല്ല അവര് ഹാപ്പി ആകുന്നു എന്നുള്ളതു കൂടിയാണ്.

മനുഷ്യന്റെ നിലനിൽപ്പ് തന്നെ ഹാപ്പിനെസ്സുമായി ബന്ധപ്പെട്ടതാണ്. അവൻ അദ്ധ്വാനിച്ച് പണമുണ്ടാക്കുന്നു, നന്നായി ജോലി ചെയ്യുന്നു, കൃഷി ചെയ്യുന്നു, ഇതിന്റെയൊക്കെ ആത്യന്തിക ലക്ഷ്യം എന്താണ്, നമ്മുടെ സന്തോഷം മാത്രമാണ്. സ്വർഗ്ഗം എന്ന കാഴ്ചപ്പാടു പോലും ഹാപ്പിനെസ്സ് ഉള്ള സ്ഥലമെന്നതാണ്, അവിടെ വിഷമമില്ല. ഭൂട്ടാന്റെ രാജാവ് പറഞ്ഞ ഒരു കാര്യമുണ്ട്, എന്റെ ഇൻഡക്സ് എന്ന് പറയുന്നത് ജി.ഡി.പി അല്ല, ഹാപ്പിനെസ്സ് ആണ്. അപ്പോ ഈ ഹാപ്പിനെസ്സ് കോർണറുകളുണ്ടാവുക എന്നുള്ളതാണ് ലക്ഷ്യം .

നമുക്ക് രാഷ്ട്രീയമായി തർക്കിക്കാനുള്ള സ്ഥലങ്ങൾ എത്രവേണമെങ്കിലും ഉണ്ട്. എന്നാൽ ഒരുമിക്കാനുള്ള ഇടങ്ങൾ കുറവാണ് . ജോലിഭാരം കൊണ്ടുബുദ്ധിമുട്ടുന്ന ഉദ്യോഗസ്ഥരുണ്ട്, പഠിത്തത്തിന്റെ ടെൻഷൻ അനുഭവിക്കുന്ന കുട്ടികളുണ്ട്, ഒറ്റപ്പെടലിന്റെ വിങ്ങൽ അനുഭവിക്കുന്ന വയോജനങ്ങൾ ഉണ്ട്. അത്തരക്കാർക്കെല്ലാം ആവശ്യം പരസ്പരം സംസാരിക്കാനും കേൾക്കാനും ഉള്ള ഇടങ്ങളാണ്. അത്തരത്തിൽ ആളുകൾക്ക് പ്രായ ലിംഗ വ്യത്യാസമില്ലാതെ വന്നിരിക്കാനും പരസ്പരം സൗഹൃദങ്ങൾ പങ്കുവയ്ക്കാനും പറ്റിയ ഇടങ്ങൾ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും ഉണ്ടാവണം. സൗഹൃദപരമായി സന്തോഷത്തോടെ ഒരു നാടിനെ വികസിപ്പിച്ചെടുക്കുക എന്നത് അടിസ്ഥാനപരമായൊരു ആശയമാണ്.

ആനന്ദം എന്ന പദ്ധതി ഒരു പ്രത്യേക വകുപ്പായിട്ടാണോ തുടങ്ങാൻ ഉദ്ദേശിക്കുന്നത്, പദ്ധതി നടപ്പിലാക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി തടസ്സമാകാൻ സാദ്ധ്യയുണ്ടോ?

ആദ്യമെ പറയട്ടെ, ഫണ്ട് അലോക്കേഷൻ കൊണ്ടുള്ള പദ്ധതിയല്ല ഇത്. അതു പോലെ തന്നെ വകുപ്പ് എന്ന നിലയിൽ തുടങ്ങുവാനും നിലവിൽ ഉദ്ദേശിച്ചിട്ടില്ല. ഒരു പഞ്ചായത്തിൽ ഹാപ്പിനെസ് പാർക്ക്, ആംഫി കോർണർ എന്നിവ വരണമെങ്കിൽ ആ പഞ്ചായത്തിനു തുക വകയിരുത്തുവാൻ കഴിയണം. പ്രത്യേകമായി ഫണ്ട് അലോക്കേഷൻ ഉണ്ടാകില്ല. ഇത് ജനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതിയായി മാറണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

മധ്യപ്രദേശ് സർക്കാർ ആനന്ദ് വിഭാഗ് എന്ന പേരിൽ ഹാപ്പിനെസ്സ് ഇൻഡക്സുമായി ബന്ധപ്പെട്ട് പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ആ മാതൃകയാണോ ഇവിടെയും സ്വീകരിക്കുന്നത് ?

അല്ല. മദ്ധ്യപ്രദേശ് മാതൃക നമ്മുടെ സംസ്ഥാനത്തിന് ഗുണകരമാകുമെങ്കിൽ തീർച്ചയായും പരിശോധിച്ചു നോക്കുന്നതാണ്. ആനന്ദം പദ്ധതി രൂപീകരിക്കുന്നതിന് പ്രചോദനമേകിയത് രണ്ട് സ്ഥലങ്ങളാണ്, ഒന്ന് ഭൂട്ടാനും, മറ്റൊന്ന് ദുബായിലെ നാഷണൽ പ്രോഗ്രാം ഫോർ ഹാപ്പിനെസ്സ് ആൻറ് വെൽബീയിങ് പ്രവർത്തനങ്ങളും.

നൈറ്റ് സ്ട്രീറ്റുകളെ കുറിച്ച് ആലോചിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള മാനവീയം വീഥി പോലെ അല്ല. ഏകദേശം 500 മുതൽ 1000 മീറ്റർ ദൂരത്തിൽ നിലവിലുള്ള റോഡുകളെ തന്നെ കേരളത്തിന് മാതൃകയാക്കാവുന്ന മോഡൽ സ്ട്രീറ്റുകളുണ്ടാക്കുക. ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ആർക്കിടെക്സ് പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ടാണ് ഇത്തരം സ്ട്രീറ്റുകളുണ്ടാകുക. തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ നിർമ്മിക്കുന്ന സ്ട്രീറ്റുകൾ പകൽ സമയം സാധാരണ റോഡായും രാത്രി സമയങ്ങളിൽ നൈറ്റ് ലൈഫിന് മാത്രമായിട്ടുള്ള സ്ട്രീറ്റുകളായും മാറും. അവിടെയും ഹാപ്പിനെസ്സ് സ്പേസുകൾ ഉണ്ടാകും.

തദ്ദേശസ്ഥാപന തലത്തിൽ തുടങ്ങുന്ന ഹാപ്പിനെസ്സ് സെന്ററുകൾ, ആംഫി കോർണറുകൾ മുതലായ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം ഉണ്ടാകുമോ?

പിപിപി മോഡലിൽ നടപ്പാക്കുന്നത് സംബന്ധിച്ചും ആലോചിക്കുന്നുണ്ട്. ഹാപ്പിനെസ്സ് പാർക്കുണ്ടാക്കുന്നതിനും അത് പാലിക്കുന്നതിനും സന്നദ്ധതയറിച്ച് ഒരു കൂട്ടം പ്രവാസികൾ താൽപ്പര്യപ്പെട്ടാൽ തീർച്ചയായും അനുവദിക്കും.

ചില തദ്ദേശസ്ഥാപനങ്ങളിലെങ്കിലും നേരത്തെ തന്നെ ഹാപ്പിനെസ് പാർക്കുകൾ ആരംഭിച്ചിട്ടുണ്ടല്ലൊ, അതുമായി ആനന്ദം പദ്ധതിക്ക് സമാനതകളുണ്ടോ?

ഇല്ല. തദ്ദേശസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള ഹാപ്പിനെസ് പാർക്കുകൾ പോലെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയല്ല ആനന്ദം. നിർബ്ബന്ധിത പ്രോജക്ടുകളായി തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കേണ്ട ഒന്നല്ല ആനന്ദം പോലെ ബ്യൂഹത്തായൊരു പദ്ധതി.

നമ്മുടെ കാഴ്ചപ്പാടെന്നത് സന്തോഷിക്കാനൊരിടം എന്നതാണ്. അതൊരുക്കി നൽകുന്നതിനു തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും. അത് പൊതു വികസനത്തിന്റെ ഭാഗമാണ്. പക്ഷെ അത്തരം ഇടങ്ങളിൽ ഒത്തുചേരുന്ന ഒരു കൂട്ടമുണ്ടാകും.

കെട്ടുപാടുകളില്ലാത്ത ആ കൂട്ടത്തിലേക്ക് ആ നാട്ടിലെ കലാകാരൻമാർക്ക് ചേരാം, കുട്ടികൾക്കുൾപ്പെടെ എല്ലാ വിഭാഗം ആൾക്കാർക്കും ഒത്തുചേരാം. അത്തരം കൂട്ടായ്മകൾക്ക് വരുന്നതിനും അവരുടെ സന്തോഷം പങ്കുവയ്ക്കുന്നതിനുമുള്ള ഇത്തരം ഇടങ്ങൾ ഒരു തദ്ദേശസ്ഥാപനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകും. നിലവിലുള്ള പാർക്കുകൾ വൃത്തിയാക്കി നിലനിർത്തിയാൽ ഇതിന് ഉപയോഗിക്കാവുന്നതാണ്.

അപ്പോൾ ഇത്തരം സന്തോഷത്തിന്റെ ഇടങ്ങൾ ഒരുക്കി കൊടുക്കുക എന്നതായിരിക്കുമോ തദ്ദേശസ്ഥാപനങ്ങളുടെ ഉത്തരവാദിത്തം?

അത് മാത്രമല്ല. ഇത്തരം ഇടങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ മാർഗനിർദേശം (SOP) ഉണ്ടാകും. എന്തൊക്കെ, എങ്ങിനെ എന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ മാർഗനിർദേശത്തിൽ ഉണ്ടാകും. കാരണം, ഇത്തരം ഇടങ്ങളെ ദുരുപയോഗം ചെയ്യുന്നവരുമുണ്ടാകാം. അതൊക്കെ പരിഹരിക്കാൻ സാധിക്കുന്ന തരത്തിലുള്ള വ്യക്തമായ പ്രവർത്തന മാനദണ്ഡം ഉണ്ടാകും. എന്ന് മുതൽ തുടങ്ങുമെന്നത് സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ല. സംസ്ഥാന മൊട്ടാകെയായിരിക്കും പദ്ധതി തുടങ്ങുക.

ഐക്യരാഷ്ട്ര സഭ ഹാപ്പിനെസ്സ് ഇൻഡക്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുണ്ട്. അത്തരം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ ആനന്ദം പദ്ധതി?

നമ്മുടെ പ്രധാന ഉത്തരവാദിത്തം സന്തോഷത്തിലേക്ക് നാടിനെ കൊണ്ടുവരിക എന്നുള്ളത് തന്നെയാണ്. സംഘർഷഭരിതമായി നിൽക്കുന്ന അന്തരീക്ഷത്തിൽ നിന്ന് സന്തോഷം ഉണ്ടാക്കിയെടുക്കാൻ പ്രയാസമാണ്. സന്തോഷമായിരുന്നാൽ മാത്രമല്ല കൂടുതൽ സന്തോഷം നമുക്ക് കൊണ്ടു വരാൻ സാധിക്കൂ. ആളുകൾ തമ്മിലുള്ള പരസ്പര ബന്ധമൊക്കെ ഓരോ ഘടകങ്ങളാണ്. ആനന്ദം പദ്ധതിയുടെ അന്തിമ രൂപരേഖ ഇതു വരെ ആയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചകളെല്ലാം തന്നെ പദ്ധതിയുടെ അവസാന രൂപപ്പെടുത്തലിനു സഹായകമാകാം. ഞാൻ ഇപ്പോൾ പറയുന്ന കാര്യങ്ങളിൽ തന്നെ ചിലപ്പോ ചെറിയ മാറ്റങ്ങളുണ്ടായേക്കാം. പുതിയ നിർദ്ദേശങ്ങൾ ഉണ്ടായേക്കാം. എന്നിരുന്നാലും, അന്തിമ ലക്ഷ്യം സന്തോഷത്തിന്റെ ഇടങ്ങളെ കണ്ടെത്താൻ സാധിക്കുന്ന തരത്തിൽ കുറെ സ്ഥലങ്ങളുണ്ടാകണമെന്നതാണ്. എന്തായാലും വളരെ പെട്ടെന്ന് തന്നെ ഈ പദ്ധതി ലോഞ്ച് ചെയ്യുന്നതായിരിക്കും.

സോഷ്യൽ മീഡിയയിലൂടെ പ്രതികരിക്കുന്ന ഒരു സമൂഹമാണ് ഇന്നുള്ളത്. ആനന്ദം പദ്ധതിയിലൂടെ ഹാപ്പിനെസ് സെന്ററുകളും ആംഫി കോർണറുകളും അടങ്ങുന്ന സന്തോഷ ഇടങ്ങളിലൂടെ സമൂഹത്തിന്റെ മൊബൈൽ അഡിക്ഷന് കടിഞ്ഞാണിടാൻ സാധിക്കുമോ.?

തീർച്ചയായും സാധിക്കും. ഇത്തരം ഇടങ്ങളിലും ആൾക്കാർ വന്ന് മൊബൈൽ നോക്കി ഇരിക്കുന്നുണ്ടാകും. നമ്മൾ അതിൽ ആശങ്കപ്പെടേണ്ടതില്ല. ഏതൊരു തലമുറയ്ക്കും പുതുതലമുറയെ കുറിച്ച് ആശങ്കകളുണ്ടാകും. ടെലിവിഷൻ വന്നപ്പോൾ നമ്മുടെ മുൻതലമുറ ആശങ്കപ്പെട്ടിരുന്നു. റേഡിയോ വന്നപ്പോഴും ആശങ്കപ്പെട്ടിരിന്നു. ഇപ്പോൾ മൊബൈൽ ഫോൺ ആണന്നെയുള്ളു. ഇതിനെ അതിജീവിക്കാനുള്ള ഐ.ക്യൂ നമ്മുടെ കുട്ടികൾക്കുണ്ട്. അവർ ഇതിനെ മറികടന്ന് പോകും. നമ്മൾ ടെൻഷനടിക്കേണ്ട കാര്യമില്ല. അവർക്കില്ലാത്തത് അവരുടെ മുൻതലമുറയുടെ അനുഭവസമ്പത്താണ്. അത് ഷെയർ ചെയ്ത് കൊടുത്താൽ മാത്രം മതി. അങ്ങിനെ ഒരു കൊടുക്കൽ വാങ്ങൽ പരസ്പരം ഉണ്ടാകണം.

സർക്കാർ നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെ ഫൈനൽ റിസൾട്ടാണല്ലൊ ഹാപ്പിനെസ്സ് എന്നത്, ആനന്ദം പദ്ധതിയുടെ കീഴിൽ ക്ഷേമപദ്ധതികൾ ഫലപ്രാപ്തിയിലെത്തിയോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനത്തെ കുറിച്ച് ആലോചിക്കുന്നുണ്ടോ?

ആനന്ദം പദ്ധതിയുടെ ഭാഗമായി അങ്ങനെയൊരു സംവിധാനത്തെകുറിച്ച് നിലവിൽ ആലോചിക്കുന്നില്ല. ക്ഷേമപ്രവർത്തനങ്ങളെ ഹാപ്പിനെസ്സുമായി കൂട്ടിചേർക്കേണ്ടതില്ല. ഹാപ്പിനെസ്സ് എന്ന് പറയുന്നത് മനുഷ്യന്റെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചതിനു ശേഷം മാത്രം അവൻ എത്തേണ്ടുന്ന ഒരിടമല്ല. അങ്ങിനെ എത്താൻ സാധിക്കുകയുമില്ല. എന്നാൽ മനുഷ്യൻ അഭിമുഖീകരിക്കുന്ന എല്ലാ സാഹചര്യങ്ങളിലും അവന് സന്തോഷിക്കാവുന്ന ഒരുപാട് ഇടങ്ങളുണ്ട്. ആ ഇടങ്ങളെ നമ്മൾ കണ്ടെത്തുന്നില്ല എന്ന് മാത്രമെയുള്ളു. അപ്പോൾ ഈ സമൂഹത്തിൽ എല്ലാത്തിനും സ്പേസ് ഉണ്ട് പക്ഷെ അത് നമ്മൾ കണ്ടെത്തേണ്ടതുണ്ട് എന്ന് മാത്രം.

പുതിയ സർക്കാർ വയോജനങ്ങൾക്ക് വേണ്ടി ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടല്ലോ, ഒരു വകുപ്പ് തന്നെ പുതുതായി രൂപീകരിച്ചു. വയോജനങ്ങൾക്ക് ഹാപ്പിനെസ് ഇൻഡക്സിൽ എന്തെങ്കിലും പ്രത്യേക പരിഗണന ഉണ്ടാകുമോ?

ലോകത്ത് തന്നെ മനുഷ്യവിഭവശേഷി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രാജ്യമാണ് ചൈന. ജനസംഖ്യാ വർദ്ധനവ് ഒരു സമ്പത്തായി ഉപയോഗിക്കുന്നതിലേക്ക് നമ്മൾ എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ടെന്നുള്ളത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. സർക്കാരിന്റെ വയോജന നയം രൂപീകരിക്കപ്പെട്ടതു തന്നെ അവരുടെ ക്ഷേമത്തിനും സന്തോഷത്തിനും



സംരക്ഷണത്തിനുമായിട്ടാണ്. അവർക്ക് വിനിയോഗിക്കാൻ സാധിക്കുന്ന നല്ലൊരിടമായിരിക്കും ഹാപ്പിനെസ് സെന്ററുകൾ. അവരുടെ ജീവിതാനുഭവങ്ങൾ പുതുതലമുറക്കു പകർന്നു നൽകാൻ ഇടങ്ങൾക്കു സാധിക്കും. വീടുകളിൽ ഒതുങ്ങിക്കൂടുന്ന മുതിർന്ന പൗരൻമാരെ ഇത്തരം ഇടങ്ങളിലേക്കെത്തിക്കുമ്പോൾ അവരുടെ മാനസികോല്ലാസത്തിനും, ജിവിതത്തിൽ നേടിയെടുത്ത അറിവുകൾ പകർന്നു നൽകാനും, അത് കേൾക്കാൻ പുതുതലമുറ സമയം കണ്ടെത്തുമ്പോൾ തലമുറകളുടെ സംഗമം കൂടിയായി ഇത്തരം ഇടങ്ങൾ മാറും.

ആനന്ദം എന്ന വാക്ക് നൽകുന്ന ഊർജ്ജമുണ്ട്. ഈ പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ ജനങ്ങളിലേക്ക് ആ ഊർജ്ജം പകരാൻ സർക്കാരിന് സാധിക്കുമോ ?

സന്തോഷവും ആനന്ദവും തമ്മിൽ വ്യത്യാസമുണ്ട്. സന്തോഷം മെറ്റീരിയലാണ്. ആനന്ദം സ്പിരിച്ച്വലാണ്. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. ആനന്ദം എന്ന പേര് പദ്ധതിക്കിടാനുള്ള കാരണം തന്നെ സന്തോഷം ആപേക്ഷികമാണ് എന്നതാണ്. വിശന്ന് വലഞ്ഞൊരാൾ ഭക്ഷണം കഴിക്കുമ്പോഴുണ്ടാകുന്ന സന്തോഷം വീണ്ടും വിശപ്പു വരുമ്പോൾ നിലയ്ക്കും. എന്നാൽ, വിശക്കുന്നൊരാൾക്ക് ഭക്ഷണം പങ്കിടുമ്പോൾ അയാളുടെ സന്തോഷം നമ്മിൽ ഉണ്ടാക്കുന്ന സന്തോഷമുണ്ടല്ലൊ അതാണ് ആനന്ദം. അത് തികച്ചും സ്പിരിച്ച്വലാണ്. ഏകപക്ഷീയമായ സന്തോഷങ്ങളുടെ ഇടമല്ല മറിച്ച് പാരസ്പര്യത്തിന്റെയും സൗഹൃദത്തിന്റെയും ഇടങ്ങളാണ് ഉണ്ടാകേണ്ടത്. അത് തന്നെയാണു പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. ഇത് സന്തോഷമല്ല ആനന്ദമാണ്. മെറ്റീരിയലല്ല സ്പിരിച്ച്വലാണ്. കേരളം മറ്റൊരു മാതൃക കൂടി സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്.

തയ്യാറാക്കിയത് : **പ്രവീൺ എസ് ആർ, ആദർശ് പി നായർ**

യുദ്ധത്തെ കുറിച്ച് മാത്രമല്ല, സന്തോഷത്തെക്കുറിച്ച് കൂടി ചിന്തിക്കുന്ന ലോകം

ഒരു രാജ്യത്തിന്റെ പുരോഗതി അളക്കേണ്ടത് കേവലം സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമല്ല മറിച്ച് ആ രാജ്യത്തെ ജനങ്ങളുടെ മാനസികവും ആത്മീയവുമായ നിലവാരം കൂടി പരിഗണിച്ചു കൊണ്ടാകണമെന്ന ചിന്തയിൽ നിന്നാണ് ഹാപ്പിനെസ്സ് ഇൻഡക്സ് എന്ന ആശയം രൂപം കൊള്ളുന്നത്.

നമ്മുടെ അയൽരാജ്യമായ ഭൂട്ടാനിൽ നിന്നുമാണ് ലോകത്ത് ആദ്യമായി ഇത്തരത്തിൽ ഒരു സൂചിക രൂപപെടുന്നത്. 1972-ൽ അന്നത്തെ ഭൂട്ടാൻ രാജാവായിരുന്ന ജിഗ്മെ സിംഗ്യേ വാങ്ചുക് ആണ് GROSS NATIONAL HAPPINESS എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ഒരു രാജ്യത്തിന്റെ പുരോഗതി അളക്കേണ്ടത് കേവലം ആഭ്യന്തര ഉത്പാദനത്തിലൂടെ (ജി.ഡി.പി) മാത്രമല്ല, ജനങ്ങളുടെ സന്തോഷത്തിലൂടെയും സമാധാനത്തിലൂടെയുമായിരിക്കണം എന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഈ പ്രഖ്യാപനത്തിന് അടിസ്ഥാനമായത് ഭൂട്ടാനിലെ തന്നെ 1629-ലെ പുരാതന നിയമസംഹിതയിലെ 'ജനങ്ങൾക്ക് സന്തോഷം നൽകാൻ സാധിക്കാത്ത ഗവൺമെന്റിന് നിലനിൽക്കാൻ അവകാശമില്ല' എന്ന വാക്യങ്ങളാണ്.

ഒരു വിഭാഗം രാജ്യങ്ങൾ സാമ്പത്തികമായി





വളരുമ്പോൾ മറ്റ് പല രാജ്യങ്ങളിലും ആഭ്യന്തര കലാപങ്ങളാലും, ഭരണപരാജയങ്ങളാലും, സാമ്പത്തിക അസമത്വങ്ങളാലും ജനങ്ങൾ ദുരിതങ്ങളനുഭവിക്കുന്നു. വികസിത രാജ്യങ്ങളുടെ വിദേശ നയങ്ങൾ പലപ്പോഴും ഈ വികസ്വര രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളെ ബാധിക്കുകയും ചെയ്യും. എന്നാൽ, ഇത്തരം കാര്യങ്ങളൊന്നും തന്നെ പരിഗണനയ്ക്കെടുക്കാതെ ആഭ്യന്തര ഉത്പാദനം മാത്രം അടിസ്ഥാനപ്പെടുത്തി രാജ്യങ്ങളുടെ പുരോഗതിയും വികസനവും അളക്കുമ്പോൾ അതിന്റെ ആത്മാവ് എവിടെയൊക്കെയോ നഷ്ടപ്പെടുന്നു എന്ന് പറയാതെ വയ്യ. പല കാരണങ്ങൾ കൊണ്ടും ജനങ്ങൾക്കിടയിൽ ആത്മഹത്യ നിരക്ക്, മാനസിക സമ്മർദം, പരിസ്ഥിതി മലിനീകരണം, വിവിധ തലങ്ങളിലുള്ള അസമത്വം എന്നിവ മൂലം ജീവിതം സംതൃപ്തമല്ലാതാകുന്നു. ഈ അസമത്വങ്ങൾക്കിടിയിലൂടെയുള്ള സന്തോഷ സൂചിക ഏകീകരണം എങ്ങനെ ഫലവത്താകുമെന്നത് ഒരു ചോദ്യചിഹ്നമാണ്. എന്നിരുന്നാലും, ലോകജനതയെ പുതിയൊരു ദിശയിലേക്ക്, ജീവിതചര്യയെ കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു എന്നുള്ളത് ആശാവഹം തന്നെയാണ്. ഇത്തരത്തിൽ, കേവലം ആഭ്യന്തര പുരോഗതി മാത്രമല്ലാത്ത മറ്റ് അളവുകോലുകൾ അടിസ്ഥാനപ്പെടുത്തുന്ന രാജ്യത്തിന്റെ വികസന പരിണാമത്തിൽ ഒരു സൂചികയായി HAPPINESS INDEX REPORT-നെ പരിഗണിക്കാവുന്നതാണ്.

ഭൂട്ടാൻ എന്ന കൊച്ചു രാജ്യം അവതരിപ്പിച്ച ഈ ആശയത്തെ ഉൾക്കൊണ്ട് 2011-ൽ ഭൂട്ടാന്റെ നേതൃത്വത്തിൽ ഐക്യരാഷ്ട്രസഭ പ്രമേയം പാസ്സാക്കുകയുണ്ടായി. ‘ HAPPINESS: TOWARDS A HOLISTIC APPROACH TO DEVELOPMENT” എന്ന പ്രമേയത്തിലൂടെ വികസന നയങ്ങളിൽ രാജ്യത്തെ ജനങ്ങളുടെ സന്തോഷത്തിനു കൂടി പ്രാധാന്യം നൽകുവാൻ അംഗരാജ്യങ്ങളോട് സഭ ആവശ്യപ്പെട്ടു. തുടർന്നിങ്ങോട്ട് മാർച്ച് 20 അന്താരാഷ്ട്ര സന്തോഷ ദിനമായി ലോകരാഷ്ട്രങ്ങൾ ആചരിച്ചു വരുന്നു. ഐക്യരാഷ്ട്ര സഭയുടെ ഇടപെടലിനെ തുടർന്ന് 2012 ഏപ്രിൽ 1-ന് ലോകത്തിലെ ആദ്യത്തെ വേൾഡ് ഹാപ്പിനെസ്സ് റിപ്പോർട്ട് പുറത്തിറക്കി. ഐക്യരാഷ്ട്ര സഭയുടെ Sustainable Development Solutions Network (SDSN)-ന്റെ നേതൃത്വത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്. 2012 മുതൽ പ്രതിവർഷം റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നു.

പ്രതിശീർഷ വരുമാനം, സാമൂഹിക പിന്തുണ, ആരോഗ്യകരമായ ആയുർദൈർഘ്യം, ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കാനുള്ള സ്വാതന്ത്ര്യം, സഹജീവികളോടുള്ള ഔദാര്യം/കാരുണ്യം, അഴിമതിക്കെതിരെയുള്ള കാഴ്ചപ്പാ



ടുകൾ എന്നീ സൂചികകളാണ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയത്. സാമ്പത്തിക വളർച്ചയ്ക്കൊപ്പം സമാധാനപൂർണ്ണമായ ജീവിതസാഹചര്യത്തിനും തുല്യപ്രധാന്യമുണ്ടെന്ന് ഈ റിപ്പോർട്ടിലൂടെ ലോകം തിരിച്ചറിഞ്ഞു.

140-ഓളം വരുന്ന ലോകരാജ്യങ്ങളിൽ നടത്തുന്ന അഭിപ്രായ വോട്ടെടുപ്പിലൂടെ സമാഹരിക്കുന്ന വിവരങ്ങൾ സാമ്പത്തിക വിദഗ്ധർ, മനശാസ്ത്ര വിദഗ്ധർ, സ്ഥിതിവിവര ശാസ്ത്ര വിദഗ്ധർ എന്നിവരടങ്ങുന്ന സംഘം പരിശോധിക്കുകയും കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ സർവ മേഖലകളിലെ വികാസപരിണാമങ്ങൾ കൂടി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. ഈ റിപ്പോർട്ട് UNSDSN ഡയറക്ടർ ബോർഡ് പരിശോധിച്ച് പ്രസിദ്ധീകരിക്കുന്നു വളരെ നിഷ്പക്ഷമായിട്ടും സൂക്ഷ്മതയോടെയുമാണ് അഭിപ്രായ വോട്ടെടുപ്പ് നടത്തുന്നതാണെന്നാണ് UNSDSN അവകാശപ്പെടുന്നത്. എന്നിരുന്നാലും, ഈ വാർഷിക റിപ്പോർട്ടുകൾ അന്തിമമാണെന്ന് വിലയിരുത്തുക അസാദ്ധ്യമാണ്, കാരണം ഓരോ രാജ്യത്തെയും ആഭ്യന്തര സാഹചര്യങ്ങൾ വ്യത്യസ്തമാണ്. മാത്രമല്ല രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ മറ്റ് രാജ്യങ്ങളുടെ ആഭ്യന്തര സാഹചര്യങ്ങളെ സാരമായി ബാധിക്കാവുന്നതുമാണ്. ഉദാഹരണത്തിന്, ഇപ്പോൾ നടക്കുന്ന ഇറാൻ-യു.എസ് സംഘർഷം മൂലമുണ്ടായ ഇന്ധനക്ഷാമം ഏഷ്യ, യൂറോപ്പ് മേഖലകളിലെ രാജ്യങ്ങളെ സാരമായി തന്നെ ബാധിച്ചിട്ടുള്ളതാണ്.

UNSDSN ഇതുവരെ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ പ്രകാരം കഴിഞ്ഞ 14 വർഷങ്ങളിലെ റിപ്പോർട്ടിലും ആദ്യ പത്ത് സ്ഥാനങ്ങളിൽ സ്ഥിരമായി ഉൾപ്പെടുന്നതാണ് ഫിൻലൻഡ്, ഡെൻമാർക്ക്, ഐസ് ലാൻഡ്, നോർവെ, സ്വീഡൻ, നെതർലാൻഡ്സ് എന്നീ രാജ്യങ്ങൾ. ഇവയിൽ ഫിൻലൻഡ്, ഡെൻമാർക്ക്, നോർവെ എന്നീ രാജ്യങ്ങളെ സ്കാൻഡിനേവിയൻ രാജ്യങ്ങളായിട്ടാണ് അറിയപ്പെടുന്നത്. ഇതിൽ ഫിൻലൻഡ് എന്ന രാജ്യം 2018 മുതൽ 2026 വരെ തുടർച്ചയായി ഒന്നാം സ്ഥാനത്ത് തുടരുകയാണ്. ഫിൻലൻഡ്, ഡെൻമാർക്ക്, ഐസ് ലാൻഡ്, നോർവെ, സ്വീഡൻ എന്നീ അഞ്ച് രാജ്യങ്ങളെ "NORDIC" രാജ്യങ്ങളെന്നും അറിയപ്പെടുന്നു.


എന്തു കൊണ്ടായിരിക്കാം ഈ രാജ്യങ്ങൾ തുടർച്ചയായി ആദ്യ പത്തിൽ ഉൾപ്പെടുന്നത്?

ഈ അഞ്ച് രാജ്യങ്ങളുടെയും ആകെ ജനസംഖ്യ മൂന്ന് കോടിയോടടുപ്പിച്ച് മാത്രമാണ്. അതായത് ഇന്ത്യയിൽ കേരളമെന്ന സംസ്ഥാനത്തിന്റെ അത്രയും മാത്രം. എന്നാൽ ഈ രാജ്യങ്ങളിലെ ജനങ്ങൾ വളരെ സംതൃപ്തരാണ്. സർക്കാർ ക്ഷേമപ്രവർത്തനങ്ങളിലൂടെ സാമൂഹിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം ഇവിടങ്ങളിൽ കുറവാണ്. മാത്രമല്ല, അവിടുത്തെ ജനങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ രാജ്യങ്ങളിലെ ഭരണകർത്താക്കൾ പ്രഥമ പരിഗണന നൽകുന്നു.

കേരളത്തിലും സന്തോഷ സൂചിക ഉപയോഗിച്ച് സമൂഹത്തെ വൈകാരികവും മാനസികവുമായ ഉന്നമനത്തിന്റെ പുരോഗതി അളവുകോലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 'ആനന്ദം' എന്ന് നാമകരണം ചെയ്തിട്ടുള്ള പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് കേരളം പുലർത്തുന്ന, പാശ്ചാത്യ രാജ്യങ്ങളുടെയോ അതിനുപരിയോ, നിലവാരം പുതുയുഗ സർക്കാരിന്റെ ഇച്ഛാശക്തിയുടെ ദീർഘവീക്ഷണത്തിന്റെ ഭരണനൈപുണ്യതയുടെ ഒക്കെ നേർസാക്ഷ്യമായി മാറട്ടെ എന്ന് പ്രത്യാശിക്കാം. ലോകത്തിനൊപ്പം നമ്മുടെ കേരളവും ഇനി സന്തോഷിക്കട്ടെ.....

ആദർശ് പി നായർ

കെ സ്മാർട്ട് ഇനി കൂടുതൽ സ്മാർട്ട്



കെ സ്മാർട്ട് ഡിജിറ്റൽ പ്ലാറ്റഫോമിൽ ജിയോ ടാഗ് അടിസ്ഥാനപെടുത്തി സംസ്ഥാനത്തെ കെട്ടിടങ്ങൾക്കു സവിശേഷ നമ്പർ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഉടൻ നടപ്പിൽവരുത്തുമെന്നു തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി കെ എം ഷാജി നിയമസഭയിൽ പറഞ്ഞു.

ഈ പരിഷ്കാരം നിലവിൽ വരുന്നതോടെ വാർഡുകളുടെ പുനർക്രമീകരണം മുതലായവ വരുന്നതുമൂലം കെട്ടിട നമ്പറുകൾക്കു മാറ്റംവരുന്ന പ്രവണതയ്ക്ക് പരിഹാരമാകുമെന്ന് മന്ത്രി പറഞ്ഞു. മാത്രമല്ല പ്രകൃതി ദുരന്തങ്ങളും മറ്റുമുണ്ടാകുന്ന അവസരത്തിൽ കൃത്യമായി രക്ഷാപ്രവർത്തങ്ങൾ നടത്താനും ഇതുപകരിക്കും.

ഒരു കെട്ടിട നിർമാണത്തിന്റെ പലഘട്ടങ്ങളിൽ വ്യത്യസ്ത അപേക്ഷകൾ നൽകേണ്ടിവരുന്നതിലുള്ള പ്രയാസം ഒഴിവാക്കി അപേക്ഷകൾ ഏകീകരിക്കാനുള്ള പുതിയമോഡ്യൂളും കെ സ്മാർട്ടിൽ ഉൾപ്പെടുത്തും. കാലപ്പഴക്കംചെന്ന സർക്കാർ കെട്ടിടങ്ങൾ പൊതുമരാമത്തു വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ പൊളിക്കാൻ നടപടി സ്വീകരിക്കും.

കെ സ്മാർട്ട് ഡിജിറ്റൽ പ്ലാറ്റ്ഫോമിന് കാലാനുസൃതമായ അപ്ഡേഷനുകൾ വരുത്തുമെന്നും ഇതുപയോഗിക്കാൻ ജീവനക്കാർക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകാമെന്നും മന്ത്രി അറിയിച്ചു.



സീറോ വേസ്റ്റ് സംസ്ഥാനമാക്കി കേരളത്തെ മാറ്റും:

മുഖ്യമന്ത്രി വി ഡി സതീശൻ

നിർമലം പുതുയുഗ ശുചിത്വ കേരളം സംസ്ഥാനതല ക്യാമ്പയിൻ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു

കേരളത്തെ സീറോ വേസ്റ്റ് സംസ്ഥാനമാക്കി മാറ്റുമെന്നും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മോഡൽ പ്ലാന്റുകൾ സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു.

കേരളത്തെ സമ്പൂർണ്ണ ശുചിത്വത്തിലേക്ക് നയിക്കുന്നതിനും മാലിന്യപരിപാലനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'നിർമലം പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം നോർത്ത് പറവൂരിലെ സണ്ണി കൺവെൻഷൻ സെന്ററിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ലക്ഷക്കണക്കിന് മലയാളികൾ വിദേശ രാജ്യങ്ങളിൽ ജീവിക്കുന്നുണ്ട്. അവിടെയെല്ലാം കൃത്യമായ ശുചിത്വ സംവിധാനങ്ങളോട് പൂർണ്ണമായി

സഹകരിക്കാനും റോഡിൽ ഒരു മിഠായി കടലാസോ ടിഷ്യൂ പേപ്പറോ പോലും ഇടാതെ നടക്കാനും നിയമങ്ങൾ പാലിക്കാനും അവർ ശ്രദ്ധിക്കുന്നു. ഈ ശുചിത്വ സംസ്കാരം നമ്മുടെ നാട്ടിലും ശീലമായി മാറണം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന നിർമലം ക്യാമ്പയിൻ ഒരു കർമ്മ പരിപാടി കൂടിയാണ്. ടൈം ഫ്രെയിം ലക്ഷ്യമാക്കിയാണ് പദ്ധതി മുന്നോട്ട് പോകുന്നത്.

കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് മാലിന്യ സംസ്കരണമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും, ഏത് സ്ഥലത്ത് നോക്കിയാലും മാലിന്യങ്ങൾ കാണാത്ത തരത്തിലുള്ള ഒരു 'സീറോ വേസ്റ്റ്' സംസ്ഥാനമായി കേരളം മാറണം.



ഇ-വേസ്റ്റ്, കെമിക്കൽ വേസ്റ്റ് തുടങ്ങിയ പുതിയ തരം മാലിന്യങ്ങൾ വർദ്ധിച്ചു വരികയാണ്. ഇവയെല്ലാം ശാസ്ത്രീയമായി സംസ്കരിക്കാൻ ജനങ്ങൾക്ക് കൃത്യമായ ബോധവൽക്കരണം നൽകും. അജൈവ-ജൈവ മാലിന്യങ്ങൾ വീടുകളിൽ തന്നെ ശാസ്ത്രീയമായി എങ്ങനെ സംസ്കരിക്കാമെന്നും, വീടുകളിൽ ചെയ്യാൻ പറ്റാത്തവ ശേഖരിച്ച് അവയുടെ അവസാന ഡെസ്റ്റിനേഷൻ പോയിന്റിൽ എത്തിക്കുന്നത് വരെയുള്ള കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏകോപിപ്പിക്കും. മാലിന്യം വേസ്റ്റ് അല്ല, അത് വെൽത്ത് (ധനം) ആണ് എന്ന കാഴ്ചപ്പാടിലേക്ക് സമൂഹം മാറണം.

മറ്റ് വികസിത രാജ്യങ്ങളിലെപ്പോലെ, തിരക്കേറിയ റോഡിലൂടെ പോയാൽ പോലും മാലിന്യ വാഹനമാണെന്ന് തിരിച്ചറിയാത്ത വിധം പൂർണ്ണമായി മൂടിയ (Covered) വാഹനങ്ങളിൽ ആയിരിക്കണം മാലിന്യങ്ങൾ ഡെസ്റ്റിനേഷൻ പോയിന്റിലേക്ക് കൊണ്ടുപോകേണ്ടത്.

മാലിന്യ സംസ്കരണ മാതൃകകൾ പഠിക്കാൻ ജനപ്രതിനിധികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്ന സാഹചര്യത്തിന് പകരം വരും വർഷങ്ങളിൽ അതിനേക്കാൾ മികച്ച ബെസ്റ്റ് മോഡൽ പ്ലാന്റുകൾ (വേസ്റ്റ് ടു പവർ പ്ലാന്റുകൾ അടക്കം) കേരളത്തിൽ തന്നെ യാഥാർത്ഥ്യമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി അദ്ധ്യക്ഷത വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ടി വി അനുപമ കാമ്പയിൻ വിശദീകരണം നടത്തി. ചടങ്ങിൽ കാമ്പയിൻ ലോഗോയും പദ്ധതി രൂപ രേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്തു. പ്ലാസ്റ്റിക് റി സൈക്ലിങ്ങ് പോളിസി 2026, ശുദ്ധീകരിച്ച മലിന ജലം സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള നയം, മന്ത്രി കെ എം ഷാജി പ്രകാശനം ചെയ്തു.

എസ് ഒ പി ഫോർ ക്ലീൻ പബ്ലിക് ടോയ്ലറ്റ്, എസ് ഡബ്ലിയു എം റൂൾസ് 2026, ജനപ്രതിനിധികൾക്കായുള്ള പരിശീലന മൊഡ്യൂൾ എന്നിവയും ചടങ്ങിൽ പ്രകാശനം ചെയ്തു.

ഹൈബി ഈഡൻ എം പി , എം എൽ എ മാരായ അൻവർ സാദത്ത്, മുഹമ്മദ് ഷിയാസ്, ടോണി ചമ്മിണി എന്നിവർ മുഖ്യാതിഥികളായി.

നിർമലം കേരളത്തിന്റെ സംസ്കാരമാക്കുകയാണ് ലക്ഷ്യം

കെ .എം.ഷാജി

സംസ്ഥാനസർക്കാർ അവതരിപ്പിക്കുന്ന "നിർമലം പുതുയുഗ ശുചിത്വകേരളം പദ്ധതി താൽക്കാലികമായൊരു കാമ്പയിൻ മാത്രമല്ല, കേരളത്തിന്റെ ഒരു സംസ്കാരമാക്കുകയാണ് ലക്ഷ്യമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി പറഞ്ഞു. അടുത്ത അഞ്ച് വർഷം കൊണ്ട് കേരളത്തെ ലോകത്തിലെ തന്നെ ഏറ്റവും മികച്ച ശുചിത്വ സംസ്ഥാന മാക്കി മാറ്റിയെടുക്കാനുള്ള മഹായജ്ഞമാണ് 'നിർമലം". മാലിന്യ സംസ്കരണത്തിന്റെ കേന്ദ്രം തദ്ദേശസ്ഥാപനങ്ങളല്ല, മറിച്ച് സ്വന്തം വീടുകളാണ്. കുട്ടികളെ പരീക്ഷയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ പഠിപ്പിക്കാതെ സ്വന്തം മുറിയും ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കാനും, മാലിന്യങ്ങൾ തരംതിരിക്കാനും പഠിപ്പിക്കണം. ജൈവ,അജൈവ, ദ്രവ മാലിന്യങ്ങൾ വീടുകളിൽ നിന്ന് തന്നെ കൃത്യമായി വേർതിരിച്ചു നൽകിയില്ല എങ്കിൽ എത്ര കോടികൾ മുടക്കിയാലും മാലിന്യ സംസ്കരണം സാധ്യമാകില്ല. ഓരോ പൗര ന്റേയും കൂട്ടായ ഉത്തരവാദിത്തമാണ് ഇതെന്നും മന്ത്രി ഓർമ്മിപ്പിച്ചു.

ഗോകുൽ പ്രസന്നൻ
ഐഇസി എക്സ്പേർട്ട്, ശുചിത്വ മിഷൻ

നിർമലം ഇനി കേരളം

നിർമലം പുതുയുഗ ശുചിത്വകേരളം കേവലമൊരു പ്രചരണ പരിപാടി എന്നതിലപ്പുറം തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജന പ്രവർത്തനങ്ങളുടെ മാർഗ്ഗദർശി കൂടിയാണ്.

ഒരു ക്യാമ്പയിൻ പിറക്കുമ്പോൾ പലപ്പോഴും അതിന്റെ മുന്നിലും പിന്നിലുമുള്ളവരുടെ മനസ്സിൽ വിവിധ തരം പ്രചരണോപാധികളെ കുറിച്ചാകും ആദ്യ ചിന്ത പിറക്കുക. എന്നാൽ അതിൽ നിന്ന് ഏറെ വ്യത്യസ്ഥമാണ് നിർമലം-പുതുയുഗ ശുചിത്വകേരളം ക്യാമ്പയിനെന്നത് ഈ ഗാന്ധിജയന്തി ദിനത്തിൽ വെളിവാക്കപ്പെട്ടു. ബഹു. മുഖ്യമന്ത്രിയും, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും ഒരേ സ്വരത്തിലാണ് വടക്കൻ പറവൂറിലെ ഉദ്ഘാടന വേളയിൽ നിർമലം ഒരു പ്രചരണപരിപാടി മാത്രമായി തുടങ്ങി അവസാനിക്കുന്നതല്ല മറിച്ച് 5 വർഷം കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തേണ്ട സമഗ്രമായ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മാർഗ്ഗദർശിനി കൂടിയാണെന്ന് പ്രഖ്യാപിച്ചത്.

എന്തുകൊണ്ട് നിർമലം ക്യാമ്പയിൻ

ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഭേദപ്പെട്ട മാലിന്യസംസ്കരണ സംവിധാനങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ഇന്നും വിവിധതരം മാലിന്യങ്ങളുടെ പരിപാലനത്തിന്റെയോ, നിർമ്മാർജ്ജനത്തിന്റെയോ, സംസ്കരണത്തിന്റെയോ കാര്യങ്ങളിൽ മികച്ച മാതൃകകൾ കെട്ടിപ്പടുക്കേണ്ടതുണ്ട്. നിഷ്ക്രിയ മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണത്തിന് ഉൾപ്പെടെ ഇന്നും അയൽസംസ്ഥാനങ്ങളെ ആശ്രയിക്കുകയും, കാര്യക്ഷമമായി പ്രവർത്തിക്കുന്ന വലിയ മാലിന്യസംസ്കരണ പ്ലാന്റുകൾ കണ്ട് പഠിക്കാൻ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുകയും ചെയ്യുന്നതിൽ നിന്നൊക്കെ മാറി ഈ മേഖലയിലെ എല്ലാത്തരം സാങ്കേതിക സംവിധാനങ്ങളും, സൗകര്യങ്ങളും



പ്രാപ്തമാക്കിയ ഒരു സ്വയംപര്യാപ്ത സംസ്ഥാനമെന്ന നേട്ടത്തിലേക്ക് കേരളത്തെ കൈപിടിച്ചുയർത്തുകയാണ് ലക്ഷ്യം. ഇതിലുപരി നിരന്തരമായി ഉന്നയിക്കപ്പെടുന്ന പൊതുശുചിമുറികളുടെ അപര്യാപ്തതയും, ലഭ്യമായ വയുടെ വൃത്തിക്കുറവും തുടങ്ങി ഇനിയും നമ്മുടെ നാട്ടിലെ മനോഹരങ്ങളായ വിനോദസഞ്ചാര കേന്ദ്രങ്ങളെപ്പോലും അനാകർഷകമാക്കി നിലകൊള്ളുന്ന വലിച്ചെറിയൽ കൂന കളും, താൽക്കാലിക അനധികൃത മാലിന്യനിക്ഷേപ കേന്ദ്രങ്ങളും ഉന്മൂലനം ചെയ്യേണ്ടതുമുണ്ട്. ഇതിനായി സർക്കാറോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ മാത്രം വിചാരിച്ചതുകൊണ്ടാവില്ല. മാലിന്യം ഒരിക്കലും സ്വയംഭുവായി ഉണ്ടാകുന്നില്ല, മറിച്ച് ഉപയോക്താവ് എപ്പോഴാണോ ഒന്നിനെ ഉപയോഗശൂന്യമായതെന്ന് തിരിച്ചറിയുകയും ശേഷം അത് ഉപേക്ഷിക്കുകയും ചെയ്യുന്നുവോ, ആ നിമിഷം മുതലത് മാലിന്യമോ പാഴ്വസ്തുവോ ആയി പരിണമിക്കുന്നു. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്നവർ അശാസ്ത്രീയമായി കൈകാര്യം ചെയ്യാതിരിക്കാൻ വേണ്ടിയുള്ള കൂട്ടായ പരിശ്രമത്തിന് പൊതുജനങ്ങളെ കൂടി വിശ്വാസത്തിലെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശുചിത്വ മിഷന്റെ ഏകോപനത്തിൽ രൂപീകൃതമായതാണ് നിർമലം ക്യാമ്പയിൻ

ക്യാമ്പയിൻ എങ്ങനെ പുരോഗമിക്കും

2026 ഗാന്ധിജയന്തി ദിനത്തിൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത നിർമലം-പുതുയുഗ ശുചിത്വകേരളം ക്യാമ്പയിൻ 2031 മാർച്ച് 30 അന്താരാഷ്ട്ര സീറോ വെയ്സ്റ്റ് ദിനത്തിലാണ് സമാപിക്കുന്നത്. 3 ഘട്ടങ്ങളായാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

2026 ഗാന്ധി ജയന്തി മുതൽ 2027 ഗാന്ധി ജയന്തി ദിനംവരെയുള്ള ഹ്രസ്വകാലം

എല്ലാ വാർഡുകളിലുമുള്ള ഒരു മാലിന്യ നിക്ഷേപ കേന്ദ്രമെങ്കിലും കണ്ടെത്തി അതിനുള്ള ശാശ്വതമായ പ രിഹാരം കണ്ടെത്തി വൃത്തിയാക്കുന്ന ചാലഞ്ച്. ആദ്യ 100 ദിവസം കൊണ്ട് പൂർത്തിയാക്കേണ്ട ചാലഞ്ചിന് I C 100 Challenge എന്നാണ് പേരിട്ടിരിക്കുന്നത്. ഇതിനായി പ്ര ത്യേകം തയ്യാറാക്കിയ പോർട്ടൽ വഴി വൃത്തിയാക്കുന്ന ഇടങ്ങളുടെ വിവരശേഖരണം നടത്തുകയും അവ വൃത്തിയായി തന്നെ തുടരുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

ക്യാമ്പയിൻ മുന്നോട്ട് കൊണ്ട് പോകുന്ന തിലേക്കായുള്ള വിവിധ തരം കമ്മിറ്റികൾ ഈ ഘട്ടത്തിൽ രൂപീകരിക്കുന്നു. ജില്ലാതലം, നിയോജക മണ്ഡലതലം, നഗരസഭാതലം, കോർപ്പറേഷൻ തലം, വാർഡ് തലം, ഗ്രാമപഞ്ചായത്ത് തലം എന്നിങ്ങനെയുള്ള കമ്മിറ്റികളെല്ലാം തന്നെ രൂപീകരിക്കപ്പെടും. കൂടാതെ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെയും, ഒപ്പം എംഎൽ എമാരുടെയും, ജില്ലാ കളക്ടർമാരുടെയും മേൽനോട്ടത്തിൽ ഇത്തരം കമ്മിറ്റികളും, അവയുടെ പ്രവർത്തനങ്ങളും നിരന്തരമായി വിലയിരുത്തപ്പെടും.

2027 ഗാന്ധി ജയന്തി മുതൽ 2030 ജൂൺ 5 ലോക പരിസ്ഥിതി ദിനംവരെയുള്ള മധ്യകാലം

സംസ്ഥാനം ഇതിനോടകം പുരോഗതി കൈവരിച്ചിട്ടുള്ള അജൈവമാലിന്യശേഖരണം, ഹരിതകർമ്മ സേനയുടെ പ്രവർത്തനം തുടങ്ങി യുള്ള മേഖലകളെ 100 ശതമാനം പ്രവർത്തന മികവെന്ന ലക്ഷ്യത്തിലെത്തിക്കുക. ഇതോടൊപ്പം പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സാനിട്ടറി മാലിന്യം, മുടിമാലിന്യം, കെട്ടിടാവശിഷ്ട മാലിന്യം, അറവ് മാലിന്യം, ബയോമെഡിക്കൽ മാലിന്യം തുടങ്ങിയവയുടെ നിർമ്മാർജ്ജനത്തിലെ വിടവുകൾ പരിഹരിച്ച് മാതൃകാപരമായ സാങ്കേതിക സംസ്കരണ സംവിധാനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ സ്ഥാപിക്കുക. അദൃശ്യമെങ്കിലും ഇതിനോടകം കേരളത്തിന്റെ കുടിവെള്ള ശ്രോത സ്സുകളെ മലീമസമാക്കുന്ന കക്കൂസ് മാലിന്യ മെന്ന വിപത്തിനെ ശാസ്ത്രീയ സംസ്കരണ ത്തിന് വിധേയമാക്കാൻ ആവശ്യമുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം നടത്തുക. സമ്പൂർണ്ണ മായ ഡിജിറ്റലൈസേഷൻ പ്രാവർത്തികമാക്കു ന്നതിനൊപ്പം നിയമലംഘകർക്കെതിരെയുള്ള നടപടി കൈക്കൊള്ളുന്നതും ഈ ഘട്ടത്തിൽ സമ്പൂർണ്ണതയിലെത്തിക്കും

2030 പരിസ്ഥിതി ദിനം മുതൽ 2031 മാർച്ച് 30 അന്താരാഷ്ട്ര സീറോ വെയ്സ്റ്റ് ദിനംവരെയുള്ള ദീർഘകാലം

സംസ്ഥാനത്തെ എല്ലാ വാർഡുകളും, പഞ്ചായ ത്തുകളും, നഗരസഭകളും അവിടങ്ങളിൽ ഉൽപ്പാദിപ്പി ക്കുന്ന എല്ലാത്തരം മാലിന്യങ്ങളെയും കൃത്യമായ അളവോടെ വേർതിരിച്ചറിയുകയും അത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങളെയെല്ലാം തന്നെ സംസ്ഥാനത്തിനുള്ളിൽ ഉള്ള സർക്കാറിന്റെയോ, സർക്കാർ അംഗീകൃതമായ ഏജൻസികളാൽ പ്ര വർത്തിപ്പിക്കുന്നതോ ആയ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്ലാന്റുകളിലേക്ക് എത്തിക്കുകയെന്ന താണ് ലക്ഷ്യം. അലക്ഷ്യമായി ഉപേക്ഷിക്ക പ്പെടേണ്ടതല്ല മാലിന്യം, മറിച്ച് ഉത്തരവാദപ്പെട്ട കൈകളിലേക്ക് കൈമാറേണ്ടതാണ് ഓരോ മാലിന്യവുമെന്ന ശീലം പൊതുസമൂഹത്തിൽ ഉടലെടുക്കാൻ തക്കവണ്ണം പ്രവർത്തനങ്ങൾ ഉപ സംഹരിക്കും.

ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്താൽ മാലിന്യ മെന്നത് വിഭവമാക്കി മാറ്റാനാകുമെന്ന തിരിച്ചറി വോടെ ഈ മേഖലയിലേക്ക് സംരഭകസാധ്യത കൾ തിരിച്ചറിഞ്ഞെത്തുന്നവരുടെ ഒരു ഹബ്ബായി സംസ്ഥാനം ഈ ഘട്ടത്തിൽ വളരും. ഒപ്പം സർക്കുലർ എക്കോണമിയുടെ തത്വങ്ങൾ തിരിച്ചറിയുന്ന ഒരു ജന തയായി കേരളീയർ രൂപാന്തരപ്പെടുകയും അതിൽ നിന്ന് ഔന്നിത്യമുള്ളൊരു മാലിന്യസംസ്കരണ സംസ്കാരം രൂപീകൃതമാകുകയും ചെയ്യുന്നതോടെ തിരശ്ശീല വീഴുന്നതാണ് നിർമലം ക്യാമ്പയിൻ.

നിർമലം–പുതുയുഗ ശുചിത്വ കേരളം: മാറ്റത്തിന്റെ 100 ദിനങ്ങൾ;

ഏറ്റെടുക്കാം
IC 100 Challenge

IC100 CHALLENGE
I Care, I Clean, I Commit

കരുതലോടെ
കണ്ടെത്താം,
ഒരുമിച്ച്
ശുചീകരിക്കാം,
തുടർച്ചയായി
സംരക്ഷിക്കാം

കേരളത്തെ പൂർണ്ണമായും മാലിന്യമുക്ത മാക്കുക എന്ന ലക്ഷ്യത്തോടെ, പൊതുജന പങ്കാളിത്തത്തിലധിഷ്ഠിതമായ ഒരു പുതിയ ശുചിത്വ മുന്നേറ്റത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് തുടക്കം കുറിച്ചിരിക്കുകയാണ്. സർക്കാരിന്റെ 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി നടപ്പിലാക്കുന്ന 'നിർമലം-പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിന്റെ ഭാഗമായാണ് 'IC 100 Challenge - I Care, I Clean, I Commit" (കരുതലോടെ കണ്ടെത്താം, ഒരുമിച്ച് ശുചീകരിക്കാം, തുടർച്ചയായി സംരക്ഷിക്കാം) എന്ന 100 ദിവസത്തെ ജനകീയ തീവ്ര പ്രചാരണം സംഘടിപ്പിക്കുന്നത്.

ശുചിത്വ പ്രവർത്തനം ഒരു ദിവസത്തെ ശുചീകരണത്തിലോ ഉദ്ഘാടന ചടങ്ങിലോ അവസാനിക്കേണ്ട ഒന്നല്ല, മറിച്ച് അതൊരു സ്ഥിരമായ ജീവിതരീതിയായി മാറണം എന്ന വലിയ സന്ദേശമാണ് ഈ ചലഞ്ച് മുന്നോട്ടുവെക്കുന്നത്.

എന്താണ് IC 100 ചലഞ്ച്?

സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ പരിധിയിലുള്ള എല്ലാ വാർഡുകളിലും, മാലിന്യനിക്ഷേപത്തിന് സാധ്യതയുള്ളതോ നിലവിൽ മാലിന്യപ്രശ്നം രൂക്ഷമായതോ ആയ കുറഞ്ഞത് ഒരു പ്രദേശമെങ്കിലും (Garbage Vulnerable Point - GVP) കണ്ടെത്തി ഏറ്റെടുക്കണം. പ്രസ്തുത പ്രദേശം ജനകീയ പങ്കാളിത്തത്തോടെ പൂർണ്ണമായി ശുചീകരിക്കുകയും, തുടർന്നുള്ള 100 ദിവസത്തേക്ക് അവിടെ വീണ്ടും മാലിന്യം തള്ളാതെ നിരന്തരം സംരക്ഷിച്ചു നിർത്തുകയുമാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്.



ഈ വെല്ലുവിളി ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിനായി മൂന്ന് ഘട്ടങ്ങളായുള്ള പ്രവർത്തന പദ്ധതിയാണ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത്:

1. I CARE - IDENTIFY
(കരുതലോടെ കണ്ടെത്താം)

തദ്ദേശ സ്ഥാപന പരിധിയിലുള്ള ബസ് സ്റ്റാൻഡുകൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, മാർക്കറ്റുകൾ, ജലാശയങ്ങൾ, പൊതുവഴികൾ തുടങ്ങിയ വൃത്തിഹീനമായോ മാലിന്യക്കൂമ്പാരമായോ കിടക്കുന്ന സ്ഥലങ്ങൾ ജനപ്രതിനിധികളും പൊതുജനങ്ങളും ചേർന്ന് കണ്ടെത്തുന്നു. ശുചീകരണത്തിന് മുൻപുള്ള പ്രദേശത്തിന്റെ സ്ഥിതിയും ചിത്രങ്ങളും വീഡിയോകളും ജിയോ-ടാഗ് ചെയ്ത് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നു.

2. I CLEAN - CLEAN
(ഒരുമിച്ച് ശുചീകരിക്കാം)

തിരഞ്ഞെടുത്ത പ്രദേശം ജനകീയ ശക്തിയോടെ ഒന്നിച്ചിറങ്ങി ശുചീകരിക്കുന്നു. ഈ ഘട്ടത്തിൽ ജനപ്രതിനിധികൾ, ഹരിതകർമസേന, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, യുവജന-വിദ്യാർത്ഥി കൂട്ടായ്മകൾ, സന്നദ്ധ സംഘടനകൾ, വ്യാപാരികൾ, സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നു. ശുചീകരണ ശേഷമുള്ള ദൃശ്യങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നു.

3. I COMMIT - MAINTAIN
(തുടർച്ചയായി സംരക്ഷിക്കാം)

ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണിത്. ശുചീകരിച്ച സ്ഥലം വീണ്ടും മാലിന്യ കേന്ദ്രമാകാതിരിക്കാൻ 100 ദിവസത്തേക്ക് സ്ഥിരമായ സംരക്ഷണവും നിരീക്ഷണവും ഉറപ്പാക്കുന്നു.

- ബോധവൽക്കരണവും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കൽ
- ആവശ്യമായ സ്ഥലങ്ങളിൽ CCTV നിരീക്ഷണം
- ഹരിതകർമസേനയുമായുള്ള ഏകോപനവും മാലിന്യശേഖരണവും
- വീണ്ടും മാലിന്യം തള്ളുന്നവർക്കെതിരെ നിയമപരമായ കർശന നടപടികൾ



ക്യാമ്പയിന്റെ വിജയം ഉറപ്പാക്കാൻ സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ തുടർച്ചയായ വിലയിരുത്തലുകൾ ഉണ്ടാകും. ശുചീകരണത്തിന്റെ ഗുണനിലവാരം, പൊതുജന പങ്കാളിത്തത്തിന്റെ തോത്, തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ, ദൃശ്യമായ മാറ്റങ്ങൾ എന്നിവ പരിശോധിക്കും.

100 ദിവസത്തെ ചലഞ്ച് വിജയകരമായി പൂർത്തിയാക്കി, തങ്ങളുടെ പ്രദേശത്തെ മാതൃകാപരമായ രീതിയിൽ സുസ്ഥിരമായി നിലനിർത്തുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും വാർഡുകൾക്കും 2027 ജനുവരി മാസത്തിൽ സംസ്ഥാന, ജില്ലാ, വാർഡ് തലങ്ങളിൽ പ്രത്യേക പുരസ്കാരങ്ങളും അംഗീകാരങ്ങളും നൽകുന്നതാണ്.

'I CARE - എന്റെ പരിസരത്തെക്കുറിച്ചുള്ള എന്റെ കരുതൽ, I CLEAN - ശുചീകരണത്തിൽ ഞാൻ പങ്കാളിയാകുന്നു, I COMMIT - ശുചിത്വം തുടർന്നും സംരക്ഷിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു' എന്ന ഉത്തരവാദിത്വബോധം ഓരോ പൗരനിലും വളർത്തുകയാണ് ഇതിന്റെ ultimate ലക്ഷ്യം.

മാലിന്യക്കൂമ്പാരങ്ങളെ (Garbage Vulnerable Points) ശുചിത്വ സുന്ദരമായ ഇടങ്ങളാക്കി (Clean & Sustainable Points) മാറ്റിക്കൊണ്ട്, മാലിന്യമുക്ത കേരളം എന്ന നമ്മുടെ സ്വപ്ന സാക്ഷാത്കാരത്തിലേക്ക് ഓരോരുത്തർക്കും കൈകോർക്കാം





ആർത്തിരമ്പി തൂഫാൻ തദ്ദേശം

കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ പുത്തൻ പ്രതീക്ഷകളുടെ കൊടുങ്കാറ്റുയർത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പും ആഭ്യന്തര വകുപ്പും കൈകോർക്കുന്ന 'തൂഫാൻ തദ്ദേശം' പ്രയാണമാരംഭിച്ചു.

ലഹരിമുക്ത കേരളമെന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനത്തെ താഴെത്തട്ടിലുള്ള ഓരോ ജനങ്ങളെയും കണ്ണികളാക്കി മാറ്റുന്ന തികച്ചും ജനകീയമായ ഒരു മുന്നേറ്റത്തിനാണ് സംസ്ഥാനം സാക്ഷ്യം വഹിക്കുന്നത്.

മലപ്പുറത്ത് നിന്ന് തുടക്കം; നാടൊട്ടുക്ക് പടർന്ന് പ്രതിജ്ഞ

2026 സെപ്റ്റംബർ 28-ന് മലപ്പുറം ജില്ലയിലെ വേങ്ങരയിലുള്ള മലബാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഓപ്പറേഷൻ തൂഫാന്റെ രണ്ടാം ഘട്ടമായ 'തൂഫാൻ തദ്ദേശം' ഉദ്ഘാടനം ചെയ്തു. വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി സ്വാഗതം ആശംസിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യത്തിൽ തൂഫാൻ പതാക ഉയർത്തുകയും, സദസ്സിലുണ്ടായിരുന്ന മുഴുവൻ പേരെയും 'തൂഫാൻ വാരിയേഴ്സ്' ആയി പ്രഖ്യാപിക്കുകയും ചെയ്തു.

ലഹരിവസ്തുക്കളുടെ വിതരണവും ഉപയോഗവും 20 മുതൽ 30 ശതമാനം വരെ കുറയ്ക്കാൻ ഓപ്പറേഷൻ തൂഫാന് കഴിഞ്ഞിട്ടുണ്ടെന്നും, ഈ വലിയ പോരാട്ടത്തിന്റെ യഥാർത്ഥ ശക്തി സ്ത്രീകളും അമ്മമാരുമാണെന്നും ആഭ്യന്തര മന്ത്രി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. തദ്ദേശ സ്ഥാപനങ്ങളും ആഭ്യന്തര വകുപ്പും ഒരുമിച്ച് നിൽക്കുമ്പോൾ സംസ്ഥാനത്ത് മാറ്റത്തിന്റെ പുതിയൊരു കൊടുങ്കാറ്റ് വീശിയടിക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി വ്യക്തമാക്കി.

ഉദ്ഘാടനത്തോടനുബന്ധിച്ച് കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരേ സമയം തൂഫാൻ പതാക ഉയർത്തുകയും ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. നാടിന്റെ നാനാഭാഗങ്ങളിലും ലഹരിവിമുക്ത കേരളത്തിനായി തൂഫാൻ വാരിയേഴ്സ് സജ്ജരായിക്കഴിഞ്ഞു.

മാറ്റത്തിന്റെ രണ്ടാം ഘട്ടം (Operation Toofan 2.0)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള പൂർണ്ണമായ ഏകോപനമാണ് തൂഫാൻ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത. ആദ്യ ഘട്ടത്തിലെ നിയമനിർവ്വഹണ നടപടികളിൽ (Supply Reduction) നിന്ന് മാറി, ലഹരിയുടെ ഉപയോഗവും ആവശ്യകതയും കുറയ്ക്കുക (Demand Reduction), പ്രതിരോധം, ചികിത്സ, പുനരധിവാസം എന്നിവയ്ക്ക് മുൻഗണന നൽകുക എന്നതാണ് രണ്ടാം ഘട്ടത്തിന്റെ കാതൽ.

തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇനിപ്പറയുന്ന പ്രധാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും:

- വീടുതോറുമുള്ള ബോധവൽക്കരണം: ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലേക്കും ലഹരിവിരുദ്ധ സന്ദേശങ്ങൾ എത്തിക്കുന്നു.
- ക്ലാസ് മുറികളിൽ പ്രതിരോധം: സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകളും സംരക്ഷണ ഗ്രൂപ്പുകളും ശക്തിപ്പെടുത്തി വിദ്യാർത്ഥികൾക്ക് സുരക്ഷിത വലയമൊരുക്കുന്നു.
- നേരിട്ടുള്ള സംയോജനം: പദ്ധതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ആഭ്യന്തര മന്ത്രിയും തദ്ദേശ സ്വയംഭരണ മന്ത്രിയും നേരിട്ട് പഞ്ചായത്തുകൾ സന്ദർശിക്കുന്ന നടപടികൾക്ക് തുടക്കമിട്ടു.



ജനകീയ പങ്കാളിത്തവും ജാഗ്രതാ സംവിധാനങ്ങളും

കേവലം പോലീസിന്റെ നിയമനിർവ്വഹണം എന്നതിലുപരി, ജനകീയ പങ്കാളിത്തത്തോടെയുള്ള വിപ്ലവകരമായൊരു കൂട്ടായ്മയായി തൂഫാൻ മാറിയിരിക്കുന്നു. ഇതിനായി തദ്ദേശ തലങ്ങളിൽ ശക്തമായ സംഘടനാ രൂപരേഖ തയാറാക്കിയിട്ടുണ്ട്:

1. തൂഫാൻ ജാഗ്രതാ സമിതികൾ:

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പഞ്ചായത്ത് പ്രസിഡന്റ്/മേയർ ചെയർമാനായും, പോലീസ് എസ്.എച്ച്.ഒ., തദ്ദേശ സ്ഥാപന സെക്രട്ടറി, ജനപ്രതിനിധികൾ എന്നിവർ അംഗങ്ങളായും ജാഗ്രതാ സമിതികൾ നിലവിൽ വന്നു.

2. തൂഫാൻ ജനസഭകൾ / ഗ്രാമസഭകൾ:

എല്ലാ വാർഡുകളിലും വാർഡ് അംഗത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ, ആശാ വർക്കേഴ്സ്, അങ്കണവാടി ജീവനക്കാർ, ഹരിത കർമ സേന, യുവജന ക്ലബ്ബുകൾ, പ്രാദേശിക വോളന്റിയർമാർ എന്നിവരെ ഉൾപ്പെടുത്തി വാർഡ് തല ജനസഭകൾ രൂപീകരിച്ചു.



ഇവരുടെ പ്രധാന ചുമതലകൾ:

- പ്രദേശത്തെ ലഹരി ഉപയോഗ/വിതരണ ഹോട്ട് സ്പോട്ടുകൾ കണ്ടുപിടിക്കൽ.
- രഹസ്യ വിവര ശേഖരണ സംവിധാനം ഊർജ്ജിതമാക്കൽ.
- ഡീ-അഡിക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കലും പുനരധിവാസ പിന്തുണ ഉറപ്പാക്കലും.

കേരളത്തിന്റെ യുവതലമുറയെ ലഹരിയുടെ പിടിയിൽ നിന്ന് മോചിപ്പിക്കാനുള്ള ശക്തമായ ഒരു പോരാട്ടമാണ് ഓപ്പറേഷൻ തൂഫാൻ. 2026 ജൂൺ 2-ന് തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത ഈ പദ്ധതി, ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ സംസ്ഥാനവ്യാപകമായി നമയക്കുമരുന്ന് മാഫിയയെ തകർക്കാനുള്ള ഈ കൊടുങ്കാറ്റ്, പോലീസ് നടപടികളോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാണ് മുന്നോട്ട് പോകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും ഈ കൂട്ടായ പ്രതിരോധ നിര, ലഹരി എന്ന വിപത്തിനെ നമ്മളുടെ മണ്ണിൽ നിന്ന് എന്നെന്നേക്കുമായി തുടച്ചുനീക്കുമെന്ന കാര്യത്തിൽ സംശയമില്ല. നാടിന്റെ സമാധാനത്തിനും വരുംതലമുറയുടെ ഭാവിക്കുമായി നമുക്ക് തൂഫാൻ വാരിയേഴ്സായി അണിചേരാം.

തയ്യാറാക്കിയത്: **ദിനിൽ ആർ.**



ജനം പറയട്ടെ

എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും വെബ്സൈറ്റും ക്യൂ.ആർ. കോഡ് ഫീഡ്ബാക്ക് സംവിധാനവും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കാനും സേവനങ്ങളുടെ ഗുണനിലവാരം ഉയർത്താനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കമായി. കേരളത്തിലെ 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റുകളും, ഓഫീസുകളിലെ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് തത്സമയം അഭിപ്രായം രേഖപ്പെടുത്താനുള്ള 'ക്യൂ.ആർ. കോഡ് അധിഷ്ഠിത സിറ്റിസൺ ഫീഡ്ബാക്ക്' സംവിധാനവും നിലവിൽ വന്നു.

സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ ഈ ഡിജിറ്റൽ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിച്ചു.

പൊതുജനങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും തമ്മിൽ കൂടുതൽ അടുപ്പിക്കുന്ന സുപ്രധാന ചുവടുവയ്പ്പാണ് ഈ പദ്ധതി എന്ന് ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ആഭ്യന്തര ജനാധിപത്യത്തിന്റെ ശക്തമായ ഇടപെടലാണ് തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തുന്നത്.

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്കെല്ലാം ഇതോടെ സ്വന്തമായി ഔദ്യോഗിക വെബ്സൈറ്റുകൾ നിലവിൽ വരും.

ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും ഡിജിറ്റൽ മുഖമായി മാറുന്ന ഈ വെബ്സൈറ്റുകളിലൂടെ താഴെ പറയുന്ന സേവനങ്ങളും വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാകും:

- ഭരണപരമായ വിവരങ്ങൾ: ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സ്ഥാപന പ്രൊഫൈൽ, ബജറ്റ്, ഭരണസമിതി തീരുമാനങ്ങൾ, അറിയിപ്പുകൾ, ടെൻഡറുകൾ, വാർഷിക റിപ്പോർട്ടുകൾ.
- ചരിത്രവും സംസ്കാരവും: പ്രദേശത്തിന്റെ ചരിത്രം, സാംസ്കാരിക പൈതൃകം, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പ്രകൃതിവിഭവങ്ങൾ, വികസന നേട്ടങ്ങൾ.
- ഡിജിറ്റൽ സേവന സംയോജനം: കെ-സ്മാർട്ട് (K-SMART) ഉൾപ്പെടെയുള്ള സർക്കാറിന്റെ

വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് നേരിട്ടുള്ള പ്രവേശനം.

- പൗരസേവനങ്ങൾ: സർട്ടിഫിക്കറ്റുകൾ, വസ്തുനികുതി, കെട്ടിടാനുമതി, വിവിധ ലൈസൻസുകൾ, ഓൺലൈൻ പണമടയ്ക്കൽ, അപേക്ഷകൾ സമർപ്പിക്കൽ, പരാതി പരിഹാര സേവനങ്ങൾ.

ക്യൂ.ആർ. കോഡ് വഴി സേവനങ്ങളുടെ വിലയിരുത്തൽ

തദ്ദേശ സ്ഥാപനങ്ങളിൽ സേവനം തേടിയെത്തുന്ന സാധാരണക്കാരന് തങ്ങൾക്ക് ലഭിച്ച അനുഭവവും അഭിപ്രായവും ഭയരഹിതമായി രേഖപ്പെടുത്താനുള്ള അവസരമാണ് 'ക്യൂ.ആർ. കോഡ് ഫീഡ്ബാക്ക്' സംവിധാനം നൽകുന്നത്. തദ്ദേശ സ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുള്ള ക്യൂ.ആർ. കോഡ് മൊബൈൽ ഫോണിൽ സ്കാൻ ചെയ്ത് പൗരന്മാർക്ക് ഉടനടി അഭിപ്രായം അറിയിക്കാം.


ഏതൊക്കെ കാര്യങ്ങളിൽ പ്രതികരണം രേഖപ്പെടുത്താം?

1. ജീവനക്കാരുടെ പെരുമാറ്റം: ഉദ്യോഗസ്ഥരുടെ പെരുമാറ്റവും സേവന സന്നദ്ധതയും.
2. വിവരലഭ്യത: ആവശ്യമായ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തമായി ലഭിക്കുന്നുണ്ടോ എന്നത്.
3. നടപടിക്രമങ്ങളും സമയവും: സേവനം ലഭിക്കുന്നതിനുള്ള ലാളിത്യവും കാത്തിരിക്കേണ്ടി വരുന്ന സമയവും.
4. ഓഫീസ് ശുചിത്വം: കാത്തിരിപ്പു കേന്ദ്രങ്ങൾ, സീറ്റുകൾ, ശുചിമുറികൾ എന്നിവയുടെ വൃത്തി.
5. അടിസ്ഥാന സൗകര്യങ്ങൾ: ഫെസിലിറ്റേഷൻ സെന്ററുകളിലെ ഫോമുകൾ, സ്റ്റേഷനറി, ഇന്റർനെറ്റ് തുടങ്ങിയവയുടെ ലഭ്യത.

പൗരന്മാർ നൽകുന്ന പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും ഗ്രേഡിംഗ് നിർണ്ണയിക്കുകയും, ഈ ഗ്രേഡിംഗ് വിവരങ്ങൾ അതത് സ്ഥാപനങ്ങളുടെ വെബ് സൈറ്റുകളിലൂടെ പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജിയുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ടി.വി. അനുപമ, സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ്, പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ഡയറക്ടർ (റൂറൽ) അപൂർവ ത്രിപാഠി തുടങ്ങിയവർ പങ്കെടുത്തു.

സേവനങ്ങൾ ജനങ്ങളുടെ അവകാശമാണെന്ന കാഴ്ചപ്പാട് ഉറപ്പുവരുത്താനും ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ ഭരണസംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കാനും ഈ നവീകരണം വഴി തെളിക്കും.



ആശ എസ് പണിക്കർ
എഡിറ്റോറിയൽ അസിസ്റ്റന്റ്
പബ്ലിക് റിലേഷൻസ്
കുടുംബശ്രീ



സ്ത്രീകളുടെ സർഗാത്മക ശബ്ദമായി കുടുംബശ്രീ

സർഗാത്മകതയിലൂടെയും സാഹിത്യത്തിലൂടെയും ദൃശ്യകലകളിലൂടെയും ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും സ്ത്രീകളുടെ ശബ്ദത്തിന് പൊതുസമൂഹത്തിൽ ഇടം ഒരുക്കുകയാണ് കുടുംബശ്രീ.

ഒരു സ്ത്രീയുടെ ശാക്തീകരണം അവളുടെ കൈകളിലെത്തുന്ന വരുമാനത്തിന്റെ കണക്കിൽ മാത്രം അളക്കാനാവില്ല. സ്വന്തം അനുഭവങ്ങളെ വാക്കുകളാക്കാനും ചുറ്റുമുള്ള ലോകത്തെ സ്വന്തം കണ്ണുകളിലൂടെ കാണാനും അതിനെ ചിത്രങ്ങളാക്കാനും പുതിയ കാലത്തിന്റെ ദൃശ്യഭാഷയിൽ അവതരിപ്പിക്കാനും അവർക്ക് കഴിയുമ്പോഴാണ് ശാക്തീകരണം അതിന്റെ കൂടുതൽ ആഴമുള്ള അർത്ഥം കൈവരിക്കുന്നത്. ജീവിതത്തിന്റെ നാനാതുറകളിലേക്ക് സ്ത്രീകളുടെ സാന്നിധ്യം വ്യാപിപ്പിക്കുന്ന കുടുംബശ്രീയുടെ ഇടപെടലുകൾ അതുകൊണ്ടു തന്നെ സാമ്പത്തിക സ്വയംപര്യാപ്തതയിൽ അവസാനിക്കുന്നില്ല.

സർഗാത്മകതയിലൂടെയും സാഹിത്യത്തിലൂടെയും ദൃശ്യകലകളിലൂടെയും ഡിജിറ്റൽ

മാധ്യമങ്ങളിലൂടെയും സ്ത്രീകളുടെ ശബ്ദത്തിന് പൊതുസമൂഹത്തിൽ ഇടം ഒരുക്കുകയാണ് കുടുംബശ്രീ. ഈ ദിശയിലെ ശ്രദ്ധേയമായ ഇടപെടലാണ് കുടുംബശ്രീ സംഘടിപ്പിച്ച 'സർഗം' കഥാരചന, 'കുടുംബശ്രീ ഒരു നേർചിത്രം ഫോട്ടോഗ്രാഫി' മത്സരം, വ്ളോഗ്സ് ആൻഡ് റീൽസ് സംസ്ഥാനതല മത്സരങ്ങൾ. സെപ്റ്റംബർ ഒമ്പതിന് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന സംസ്ഥാനതല പുരസ്കാര വിതരണ ചടങ്ങ് ഈ സർഗാത്മക യാത്രയുടെ മറ്റൊരു ശ്രദ്ധേയമായ അധ്യായമായി. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം ഷാജി പുരസ്കാരങ്ങൾ വിതരണം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ്. അയ്യർ മുഖ്യാതിഥിയായി.

അമ്മമാരെ കുറിച്ച് എഴുതുന്ന കഥകൾ ഒരിക്കലും എഴുതി തീരാത്ത അനുഭവങ്ങളാണെന്ന് മന്ത്രി കെ.എം ഷാജി വിജയികൾക്കുള്ള പുരസ്കാര വിതരണം നിർവഹിച്ചു കൊണ്ടു പറഞ്ഞു. ജീവിതത്തിന്റെ ഉൾക്കാഴ്ചകൾ പകർത്തുന്ന കഥകളും സാമൂഹ്യപുരോഗതി പ്രതിഫലിപ്പിക്കുന്ന നേർചിത്രങ്ങളുമായി സ്ത്രീകൾ മുന്നോട്ടു വരുന്നതിലൂടെ സാംസ്കാരിക ശാക്തീകരണത്തിനും അത് വഴിയൊരുക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

സാമൂഹിക പരിവർത്തനത്തിന് കലയും സാഹിത്യവും സഹായകമാകുന്നുവെന്നും സർഗാത്മക പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ അംഗങ്ങൾക്ക് അതിനു സാധ്യമാകണമെന്നും ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ്.അയ്യർ പറഞ്ഞു.

സാമ്പത്തിക സാമൂഹ്യ ഉൾച്ചേർക്കൽ, വികസന പദ്ധതികൾ എന്നിവയെല്ലാം നടപ്പാക്കി കൊണ്ട് ജനങ്ങളുടെ ജീവിതം നല്ല രീതിയിൽ മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടത്തി വരുന്നതെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വി വിഘ്നേശ്വരി സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. പൊതുജനങ്ങളിലേക്ക് ഈ പ്രവർത്തനങ്ങൾ എത്രമാത്രം എത്തിച്ചേർന്നിട്ടുണ്ടെന്നും മനസിലാക്കിയിട്ടുണ്ടെന്നും അറിയുന്നതിനാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. അതിന് ആവേശകരമായ പ്രതികരണമാണ് ലഭിച്ചതെന്നും വി. വിഘ്നേശ്വരി പറഞ്ഞു.

'സർഗം' കഥാരചന മത്സരം– സ്ത്രീജീവിതത്തിന്റെ ബഹുമുഖങ്ങൾ

അയൽക്കൂട്ട വനിതകളുടെ സാഹിത്യാഭിരുചി വളർത്തുക എന്നതു ലക്ഷ്യമിട്ടു സംഘടിപ്പിച്ച സർഗം-കഥാരചന മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയത് മനീഷ എം. മോഹൻ, സിന്ധു തോമസ്, ഷീബ പി.പി എന്നിവരാണ്. ഇവർക്ക് യഥാക്രമം 20,000, 15,000, 10000 രൂപ വീതം കാഷ് അവാർഡ്, മെമന്റോ,സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെട്ട പുരസ്കാരം മന്ത്രി കെ.എം.ഷാജി സമ്മാനിച്ചു. പ്രോത്സാഹന സമ്മാനം നേടിയ അനുജ ബൈജു, മൈസൂന ഹാനി, രജന സലി എന്നിവർക്ക് 2500 രൂപ വീതം കാഷ് അവാർഡും മെമന്റോ,സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെട്ട പുരസ്കാരവും മന്ത്രി സമ്മാനിച്ചു.

ജീവിതത്തെ എഴുതിയും കാണിച്ചും തിരിച്ചറിയുന്ന ഇടം 'സർഗം' എന്ന കഥാ രചന മത്സരം ഒരു സാഹിത്യ മത്സരത്തിനപ്പുറമുള്ള അനുഭവമാണ്. കുടുംബശ്രീയുടെ കൂട്ടായ്മകളിലൂടെ ജീവിതത്തിന്റെ വിവിധ തലങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്ന സ്ത്രീകൾക്ക് സ്വന്തം അനുഭവങ്ങളെയും ചുറ്റുപാടുകളെയും ഭാവനയെയും വാക്കുകളാക്കി മാറ്റാനുള്ള വേദിയാണിത്. ഒരു സ്ത്രീ എഴുതുന്ന കഥയിൽ പലപ്പോഴും അവളുടെ ജീവിതത്തിന്റെ നേരിട്ടുള്ള പ്രതിഫലനങ്ങൾ ഉണ്ടാകും. കുടുംബം, ബന്ധങ്ങൾ, തൊഴിൽ, സാമൂഹിക ഇടപെടലുകൾ, പ്രതിസന്ധികൾ, സ്വപ്നങ്ങൾ, അതിജീവനം തുടങ്ങി പുറത്തു പറയാതെ ഉള്ളിൽ സൂക്ഷിച്ചിരുന്ന നിരവധി അനുഭവങ്ങൾ എഴുത്തിലൂടെ പുറത്തു വരുന്നു. അതു കൊണ്ടു തന്നെ കഥാരചന ആത്മാവിഷ്ക്കാരത്തിനുള്ള അവസരമായും അവർ പ്രയോജനപ്പെടുത്തുന്നു.

സ്ത്രീ ജീവിതത്തിന്റെ ആഴങ്ങളിലേക്കുള്ള ഈ സഞ്ചാരം എഴുത്തുകാരിയെ മാത്രമല്ല, വായനക്കാരെയും പുതിയൊരു ജീവിത ദർശനത്തിലേക്ക് നയിക്കുന്നു. സാമൂഹിക യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനും ചോദ്യം ചെയ്യാനും പുതിയ സാധ്യതകളെ കുറിച്ച് ചിന്തിക്കാനും സാഹിത്യം സ്ത്രീകൾക്ക് ആത്മവിശ്വാസം നൽകുന്നു. ഇവിടെയാണ് സാഹിത്യ ശിൽപശാലകൾക്കും എഴുത്തു പരിശീലനങ്ങൾക്കും പ്രസക്തിയേറുന്നത്. എഴുത്തിന്റെ സാങ്കേതികത മാത്രമല്ല, സ്വന്തം ചിന്തകൾ തിരിച്ചറിയാനും അവയ്ക്ക് ഭാഷ കണ്ടെത്താനും വിമർശനാത്മകമായി ചിന്തിക്കാനും ഇത്തരം വേദികൾ സഹായകമാകുന്നു. ഉള്ളിൽ ഒതുങ്ങിപോയ അനുഭവങ്ങൾക്ക് ശബ്ദം ലഭിക്കുമ്പോൾ അത് വ്യക്തിയുടെ മാനസിക ഉണർച്ചയ്ക്കും ആത്മവിശ്വാസത്തിനും വഴിയൊരുക്കുന്നു. 'എനിക്കും പറയാനുണ്ട്'. എന്ന ബോധം ഒരു സ്ത്രീയുടെ സാമൂഹിക സാന്നിധ്യത്തെ തന്നെ മാറ്റി മറിക്കുന്ന ശക്തിയായി മാറുന്നു.

'കുടുംബശ്രീ ഒരു നേർച്ചിത്രം' ഉൾക്കാഴ്ചയുടെ കണ്ണാടി

ഒരു ക്യാമറ, ഒരു പുതിയ കാഴ്ച 'കുടുംബശ്രീ ഒരു നേർച്ചിത്രം' ഫോട്ടോഗ്രാഫി മത്സരം മറ്റൊരു തരത്തിലുള്ള സർഗാത്മക ഇടപെടലാണ്. കുടുംബശ്രീയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായിരുന്നു മത്സരത്തിന്റെ വിഷയം. കുടുംബശ്രീയെ പുറത്തു നിന്നു നോക്കുന്ന കണ്ണുകൾക്കപ്പുറം, കുടുംബശ്രീയുടെ ഭാഗമായ അയൽക്കൂട്ട ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കും പൊതു വിഭാഗത്തിനും കുടുംബശ്രീയേയും അതിന്റെ പ്രവർത്തനങ്ങളെയും സ്വന്തം കാഴ്ചപ്പാടിലൂടെ പകർത്താനുള്ള അവസരമാണ് മത്സരത്തിലൂടെ ലഭിച്ചത്.

ഒരു ക്യാമറ കൈയ്യിലെത്തുമ്പോൾ കാഴ്ച മാറുന്നു. സാധാരണയായി കടന്നു പോകുന്ന ഒരു കാഴ്ചയിൽ പോലും ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന മനുഷ്യ ജീവിതത്തിന്റെ സൂക്ഷ്മതകൾ കാണാൻ തുടങ്ങുന്നു. അധ്വാനിക്കുന്ന സ്ത്രീ, കുടുംബശ്രീ സംരംഭക, കർഷക തൊഴിലാളി, അയൽക്കൂട്ട അംഗം, സംരംഭകരും കർഷകരുമായ സ്ത്രീകളും അവരുടെ ജീവിതവും ഇടപെടലുകളും ചിത്രങ്ങളിലൂടെ പൊതു സമൂഹത്തിന്റെ ശ്രദ്ധയിലേക്ക് എത്തുന്നു. അങ്ങനെ ഫോട്ടോഗ്രാഫി എന്നത് കേവലം ഒരു കലാ പരിശീലനം മാത്രമാകാതെ, സമൂഹത്തെ വേറിട്ട കണ്ണിലൂടെ കാണാനുള്ള കഴിവു കൂടി സ്ത്രീകൾക്ക് ലഭ്യമാക്കുന്നു. അവർക്ക് ചുറ്റുപാടുമുള്ള സംഭവങ്ങളെ നിരീക്ഷിക്കാനും രേഖപ്പെടുത്താനും അഭിപ്രായം പ്രകടിപ്പിക്കാനും കഴിയുന്നു. കുടുംബ ശ്രീയുടെ പ്രവർത്തനങ്ങളും അതിലൂടെ ദൃശ്യമായി തീരുന്നു. മത്സരത്തിലെ വിജയ പരാജയങ്ങൾക്കപ്പുറം ഫോട്ടോഗ്രാഫിയുടെ ലോകത്ത് കടന്നു ചെല്ലാനും ആ മേഖലയെ അടുത്തറിയാനുമുള്ള അവസരം സ്ത്രീകൾക്ക് ലഭിച്ചു എന്നത് ഏറെ ശ്രദ്ധേയമാണ്.

ഫോട്ടോഗ്രാഫി മത്സരം അയൽക്കൂട്ട ഓക്സിലറി വിഭാഗത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ ഷീജ സി.പി, ജെമിനി ബെന്നി, ഹിബാന വി എന്നിവർക്ക് യഥാക്രമം 25,000, 15,000,10000 രൂപ യുടെ കാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും മന്ത്രി സമ്മാനിച്ചു. പ്രോത്സാഹന സമ്മാനം നേടിയ ദീപ്തി പി, സുഷമ ഗോപിനാഥ്, ജസ്ന പാലയ്ക്കൽ എന്നിവർക്ക് 2000 രൂപ വീതം കാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും ഉൾപ്പെട്ട പുരസ്കാരം സമ്മാനിച്ചു.

വ്ളോഗ്സ് ആൻഡ് റീൽസ് മത്സരങ്ങൾ:

സ്ത്രീകൾ പുതിയ കാല ദൃശ്യഭാഷ്യങ്ങൾക്കൊപ്പം

പൊതുവിഭാഗത്തിനായി സംഘടിപ്പിച്ച വ്ളോഗ്സ് റീൽസ് മത്സരങ്ങൾ സ്ത്രീ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. ഈ വിഭാഗത്തിൽ വിജയികൾ ആയവരിൽ ഏറെയും പുരുഷൻമാരായിരുന്നുവെങ്കിലും സ്ത്രീകൾ വളരെ ആവേശത്തോടെ മത്സരത്തിൽ പങ്കെടുത്തത് കൗതുകമുണർത്തി. ഡിജിറ്റൽ കാലത്ത് ആശയ വിനിമയത്തിന്റെ ഏറ്റവും ശക്തമായ വേദിയാണ് വ്ളോഗുകളും റീലുകളും. ഇതിലും സ്ത്രീയുടെ ശബ്ദം ഉയർന്നു കേൾക്കാനുള്ള അവസരമാണ് കുടുംബശ്രീ ലഭ്യമാക്കിയത്. നവമാധ്യമങ്ങളിലേക്ക് സ്ത്രീകളെ കൂട്ടിക്കൊണ്ടു വരുന്നത് വഴി കാലത്തിന്റെ മാറ്റങ്ങളോട് ചേർന്നു നിൽക്കുന്ന ഒരു ശാക്തീകരണ സമീപനമാണ് കുടുംബശ്രീ കാഴ്ച വയ്ക്കുന്നത്.

വ്ളോഗ് തയ്യാറാക്കുന്ന സ്ത്രീ അതിനായി ഒരു വിഷയം കണ്ടെത്തുന്നു, വിവരങ്ങൾ ശേഖരിക്കുന്നു, ക്യാമറയ്ക്കു മുന്നിൽ നിന്നു സംസാരിക്കുന്നു. സ്വന്തം ആശയം അവതരിപ്പിക്കുന്നു. ഒരു റീൽ



സൃഷ്ടിക്കുമ്പോൾ കഥ പറയാനുള്ള ഏറ്റവും ചുരുങ്ങിയതും ശക്തവുമായ ദൃശ്യഭാഷ അവൾ കണ്ടെത്തുന്നു. ഇതിലൂടെ സാങ്കേതിക പരിജ്ഞാനത്തോടൊപ്പം ആശയ വിനിമയ ശേഷി. ആത്മവിശ്വാസം, അവതരണ ശേഷി, സൃഷ്ടിപരമായ ചിന്ത, ഡിജിറ്റൽ സാക്ഷരത എന്നിവയും വളരുന്നു. ഇത് കുടുംബശ്രീയുടെ പൊതുസമൂഹത്തിലേക്കുള്ള സാന്നിധ്യത്തിനും പുതിയ വാതിലുകൾ തുറക്കുന്നു. അയൽക്കൂട്ടത്തിന്റെ അതിരുകളിൽ ഒതുങ്ങി നിൽക്കുന്ന പ്രവർത്തനമല്ല, കുടുംബശ്രീയുടേതെന്ന് ബോധ്യപ്പെടുത്താൻ ഡിജിറ്റൽ മാധ്യമങ്ങൾക്ക് കഴിയും. ഒരു സംരംഭത്തിന്റെ കഥയാകാം. ഒരു ഗ്രാമത്തിന്റെ മാറ്റത്തിന്റെ കഥയാകാം. ക്യാമറയ്ക്കും മൊബൈൽ ഫോണിനും മുന്നിലൂടെ അവ ലോകത്തിന്റെ വിശാലമായ വേദിയിലേക്ക് എത്തുന്നു. പുതിയ കാലത്തിന്റെ ആശയവിനിമയ രീതികളുമായി കൈകോർക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

വ്ളോഗ്സ് മത്സരത്തിൽ ആദ്യ മൂന്നു സ്ഥാനം നേടിയത് മലപ്പുറം കുഴിയണ്ണ സ്വദേശി രതീഷ് ടി, പാലക്കാട് വിളയന്നൂർ സ്വദേശി രത്യുഷ് ആർ, എന്നിവരാണ്. ഇവർക്ക് യഥാക്രമം 50,000, 40,000 രൂപ യുടെ കാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും ഉൾപ്പെടുന്ന പുരസ്കാരം മന്ത്രി സമ്മാനിച്ചു.

റീൽസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ

ജ്യോത്സന വിജിലിന് 25000 രൂപ കാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും ഉൾപ്പെടുന്ന പുരസ്കാരം മന്ത്രി സമ്മാനിച്ചു.

സാമ്പത്തിക ശാക്തീകരണത്തിൽ നിന്ന് സ്ത്രീശാക്തീകരണത്തിലേക്ക്

കുടുംബശ്രീയുടെ സ്ത്രീശാക്തീകരണത്തിന്റെ ഏറ്റവും വലിയ സവിശേഷത അതിന്റെ ബഹുമുഖ തയാണ്. സാമ്പത്തിക സ്വാതന്ത്ര്യം സ്ത്രീയുടെ ജീവിതത്തിൽ നിർണായക മാറ്റം സൃഷ്ടിക്കുമ്പോൾ അതിനൊപ്പം ചിന്തയുടെ സ്വാതന്ത്ര്യവും അഭിപ്രായപ്രകടനത്തിനുള്ള അവസരവും ആത്മവിശ്വാസവും സാമൂഹികാംഗീകാരവും ഉറപ്പാക്കേണ്ടതുണ്ട്. കലയും സാഹിത്യവും ഈ പ്രക്രിയയിൽ നിർണായക പങ്കു വഹിക്കുന്നു. സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകൾ സ്വന്തം കഴിവുകളെ തിരിച്ചറിയുന്നു. മറ്റുള്ളവരുടെ മുന്നിൽ തന്റെ സൃഷ്ടി അവതരിപ്പിക്കുമ്പോൾ ആത്മവിശ്വാസം വർധിക്കുന്നു. അംഗീകാരം ലഭിക്കുമ്പോൾ എനിക്കും കഴിയും എന്ന ബോധം കൂടുതൽ ശക്തമാകുന്നു. മത്സരങ്ങളും ശിൽപശാലകളും പുരസ്കാരങ്ങളും അതിനാൽ തന്നെ കഴിവുകളെ കണ്ടെത്താനുള്ള സംവിധാനങ്ങൾ മാത്രമല്ല; സ്ത്രീയുടെ ഉള്ളിലെ ആത്മബോധത്തെ ഉണർത്തുന്ന സാമൂഹ്യ ഇടപെടലുകളാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സ്ത്രീയുടെ മാനസിക ലോകത്തും മാറ്റങ്ങൾ സൃഷ്ടിക്കുന്നു.

ദൈനംദിന ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങൾക്കിടയിൽ സ്വന്തം താൽപര്യങ്ങൾക്കും കഴിവുകൾക്കും സ്വപ്നങ്ങൾക്കും ഇടം നൽകാനുള്ള അവസരം ലഭിക്കുന്നു. എഴുത്തും ചിത്രവും ദൃശ്യാവിഷ്കാരവും അവളുടെ ഉള്ളിലെ അനുഭവങ്ങൾക്കും ചിന്തകൾക്കും സൃഷ്ടിപരമായ വഴി തുറക്കുന്നു. കൂട്ടായ്മകളിലൂടെ അനുഭവം പങ്കു വയ്ക്കുമ്പോൾ ഏകാന്തത കുറയുകയും പരസ്പര പിന്തുണ ശക്തമാകുകയും ചെയ്യുന്നു.

> കുടുംബശ്രീയെ ഒരു സാമൂഹ്യ സാമ്പത്തിക കൂട്ടായ്മ എന്ന പരിചിത നിർവചനത്തിനപ്പുറം ഒരു സാംസ്കാരിക പ്രസ്ഥാനമായും കാണേണ്ടതിന്റെ പ്രസക്തിയാണ് ഇത്തരം ഇടപെടലുകൾ മുന്നോട്ടു വയ്ക്കുന്നത്.

കുടുംബശ്രീ എന്ന പേരിന് പുതിയ അർത്ഥങ്ങൾ

കുടുംബശ്രീയെ ഒരു സാമൂഹ്യ സാമ്പത്തിക കൂട്ടായ്മ എന്ന പരിചിത നിർവചനത്തിനപ്പുറം ഒരു സാംസ്കാരിക പ്രസ്ഥാനമായും കാണേണ്ടതിന്റെ പ്രസക്തിയാണ് ഇത്തരം ഇടപെടലുകൾ മുന്നോട്ടു വയ്ക്കുന്നത്. കഥയെഴുതുന്ന സ്ത്രീ, ക്യാമറയുമായി സമൂഹത്തെ കാണുന്ന സ്ത്രീ, മൊബൈൽ ഫോണിലൂടെ സ്വന്തം ആശയം പങ്കു വയ്ക്കുന്ന സ്ത്രീ-ഇവരെല്ലാം കുടുംബശ്രീയുടെ പുതിയ മുഖങ്ങളാണ്. അവർ കുടുംബശ്രീയെ കുറിച്ച് സംസാരിക്കുന്നവർ മാത്രമല്ല, കുടുംബശ്രീയെ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്ന കഥാകൃത്തുക്കളും ഡിജിറ്റൽ കഥ പറച്ചിലുകാരുമാണ്. സംസ്ഥാന തല പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയവർ വ്യക്തിഗത മികവിന്റെ പുരസ്കാരങ്ങൾ നേടുമ്പോൾ അതോടൊപ്പം അംഗീകരിക്കപ്പെടുന്നത് സ്ത്രീകളുടെ സർഗാത്മക ശേഷി കൂടിയാണ്. കുടുംബശ്രീ ഒരുക്കുന്ന ഇത്തരം വേദികൾ കൂടുതൽ സ്ത്രീകളെ എഴുതാനും കാണാനും പറയാനും സൃഷ്ടിക്കാനും പ്രേരിപ്പിക്കുന്നു. സാമ്പത്തികമായി സ്വയംപര്യാപ്തമായ സ്ത്രീയിൽ നിന്ന് സ്വന്തം ജീവിതത്തെ കുറിച്ച് സംസാരിക്കുന്ന സമൂഹത്തെ നിരീക്ഷിക്കുന്ന, ചോദ്യങ്ങൾ ഉയർത്തുന്ന, ആശയങ്ങൾ പങ്കു വയ്ക്കുന്ന പുതിയ കാലത്തിന്റെ സാങ്കേതിക വിദ്യയെ സ്വന്തം ശബ്ദമാക്കി മാറ്റുന്ന സ്ത്രീയിലേക്കുള്ള വളർച്ച-അതാണ് കുടുംബശ്രീയുടെ സാംസ്കാരിക ശാക്തീകരണത്തിന്റെ കൂടുതൽ വിശാലമായ ചിത്രം.

അതിനാൽ 'സർഗം' ഒരു കഥാ മത്സരം മാത്രമല്ല,, 'കുടുംബശ്രീ ഒരു നേർച്ചിത്രം' ഒരു ഫോട്ടോഗ്രാഫി മത്സരം മാത്രമല്ല, വ്ളോഗും റീലും കേവലം ഡിജിറ്റൽ ഉള്ളടക്കവുമല്ല. ഇവയെല്ലാം ചേർന്നു പറയുന്നത് ഒരു വലിയ മാറ്റത്തിന്റെ കഥയാണ്. സ്ത്രീ ഇനി സ്വന്തം ജീവിതത്തിന്റെ കാഴ്ചക്കാരി മാത്രമല്ല, അതിന്റെ കഥാകൃത്തും ദൃശ്യരേഖാകൃത്തും അവതാരകയും സ്രഷ്ടാവുമാണ്. അവളുടെ വാക്കുകൾക്ക് ഇടം നൽകുകയും അവളുടെ കാഴ്ചയ്ക്ക് വിശാലമായൊരു വേദി തുറന്നു കൊടുക്കുകയും അവളുടെ സൃഷ്ടിക്ക് അംഗീകാരം നൽകുകയും ചെയ്യുന്നിടത്താണ് കുടുംബശ്രീയുടെ സാംസ്കാരിക ശാക്തീകരണം അതിന്റെ പൂർണതയിലേക്ക് എത്തുന്നത്. അവൾ എഴുതുമ്പോൾ ഒരു കഥ പിറക്കുന്നു. അവൾ കാണുമ്പോൾ ഒരു പുതിയ കാഴ്ച രൂപപ്പെടുന്നു. അവൾ പറയുമ്പോൾ മറ്റൊരു ശബ്ദം സമൂഹത്തിൽ കേൾക്കുന്നു. അവളുടെ ആ ശബ്ദത്തിന് വേദിയൊരുക്കുന്ന യാത്രയാണ് കുടുംബശ്രീയുടെ സർഗാത്മക ശാക്തീകരണം.

പരിപാടിയിൽ കുടുംബശ്രീ ഡയറക്ടർ (ഇൻ ചാർജ്) വിജയശ്രീ എം.എസ്, ജില്ലാ മിഷൻ കോർഡിനേറ്റർ രമേശ് ജി എന്നിവർ ആശംസകൾ അർപ്പിച്ചു. ജൂറി അംഗങ്ങളായ കെ.എ ബീന, രാധാകൃഷ്ണൻ എസ് എന്നിവർ മത്സരങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തി. കുടുംബശ്രീ പബ്ലിക് റിലേഷൻസ് ഓഫീസർ ബി.സേതുരാജ് നന്ദി പറഞ്ഞു.

നെൽവിത്തുകളുടെ കാവലാൾ യാത്രയായി

പാരമ്പരാഗത വിത്തിനങ്ങളെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ സംരക്ഷിച്ചയാളാണ് ചെറുവയൽ രാമൻ

കേരളത്തിന്റെ സ്വന്തം നെല്ല് ബാങ്കർക്ക് വിടചൊല്ലി മലയാള നാട്. സ്വന്തം നാട്ടിൽ നിന്ന് ഇല്ലാതായിപ്പോകുമായിരുന്ന നാടൻ വിത്തുകളെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ സംരക്ഷിച്ചുവളർത്തിയ ആളായിട്ടാണ് ചെറുവയൽ രാമൻ അറിയപ്പെടുന്നത്. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞെങ്കിലും നമുക്കായി ബാക്കിവെച്ച വലിയ വിത്തുബാങ്കും പ്രകൃതിയോടുള്ള സ്നേഹവും എന്നും കേരളീയരുടെ മനസ്സിൽ നിലനില്കേണ്ടതുണ്ട്.

വയനാട് മാനന്തവാടി കമ്മനയിലെ ആദിവാസി കർഷകനാണ് തലക്കര ചെറിയ രാമൻ എന്ന ചെറുവയൽ രാമൻ. 1952 ജൂൺ 6നാണ് ജനനം. രണ്ടാം വയസുമുതൽ തന്നെ അച്ഛനെ പിരിഞ്ഞു അമ്മാവനോടുത്തു വളർന്ന രാമന്റെ കുട്ടികാലം ദാരിദ്ര്യം നിറഞ്ഞതായിരുന്നു. പത്താം വയസിൽ തന്നെ കാർഷിക ജീവിതം ആരംഭിച്ച രാമൻ സർക്കാർ ജോലി ലഭിച്ചെങ്കിലും കൃഷിയോടുള്ള അഭിനിവേശം നിമിത്തം ജോലി വേണ്ടന്നുവയ്ക്കുകയായിരുന്നു.

പാരമ്പര്യമായി ലഭിച്ച അഞ്ചേക്കർ വയലിൽ 45 ഇനം നെൽ വിത്തുകളാണ് അദ്ദേഹം കൃഷി ചെയ്തു സംരക്ഷിച്ചിരുന്നത് . നെൽവിത്തുകൾ കൂടാതെ പ രമ്പരാഗത പച്ചക്കറി ഇനങ്ങളും ഔഷധ സസ്യങ്ങളും അദ്ദേഹം സംരക്ഷിച്ചിരുന്നു.

ഹരിതവിപ്ലവത്തിന്റെ ഭാഗമായി ഹൈബ്രിഡ് വിത്തുകളും രാസവളങ്ങളും വ്യാപകമായി ഉപ യോഗിക്കാൻ തുടങ്ങിയതോടെ നമ്മുടെ നാടൻ നെ ൽവിത്തുകൾ പലതും ഇല്ലാതാകാൻ തുടങ്ങി. ഈ സാഹചര്യത്തിലാണ് രാമൻ നാടൻ നെൽവിത്തു കളെ സംരക്ഷിക്കാൻ മുന്നോട്ടുവന്നത്. മറ്റുള്ളവർ ലാഭത്തിന് പ്രാധാന്യം നൽകിയപ്പോൾ, നഷ്ടപ്പെട്ടു പോകുന്ന നമ്മുടെ പരമ്പരാഗത നെൽവിത്തുകളെ സംരക്ഷിക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

മുള്ളൻകഴമ, ഗന്ധകശാല, വെളിയൻ, ചോമാല തുടങ്ങിയ നാടൻ നെൽവിത്തുകൾ അദ്ദേഹം സ്വന്തം പാടത്ത് കൃഷി ചെയ്യുക മാത്രമല്ല, കേരളത്തിന്റെ കാർഷിക പാരമ്പര്യം സംരക്ഷിക്കുന്നതിലും വലിയ പങ്കുവഹിച്ചു. രാമനിൽ നിന്ന് വിത്ത് വാങ്ങാൻ എത്തുന്നവരോട് അദ്ദേഹം പണം ആവശ്യപ്പെട്ടിരുന്നില്ല. പകരം, വിളവെടുപ്പ് കഴിഞ്ഞാൽ അതേ വിത്ത് തിരികെ നൽകണമെന്നും കൃഷി മുടക്കരുതെന്നും മാത്രമാണ് അദ്ദേഹം പറഞ്ഞിരുന്നത്. പണം വാങ്ങി വിത്ത് നൽകുന്നതിനേക്കാൾ സ്നേഹത്തിലൂടെയും വിശ്വാസത്തിലൂടെയും വിത്തുകൾ കൈമാറുന്നതാണ് നല്ലതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ആ



വിശ്വാസവും സ്നേഹവുമാണ് അദ്ദേഹത്തിന്റെ ഓരോ നെൽപ്പാടത്തിലും നിറഞ്ഞുനിന്നത്.

അദ്ദേഹത്തിന്റെ ആത്മകഥയിലെ 'വിത്തെന്ന മഹാത്ഭുതം' ഏഴാം ക്ലാസ് വിദ്യാർത്ഥികളുടെ പാഠാവ ലിയിൽ ഉൾപ്പെടുത്തിയിരുന്നു. നിരവധി വിദ്യാർത്ഥി കളും കൃഷി ശാസ്ത്രജ്ഞരും നിത്യേന അദ്ദേഹത്തിന്റെ കൃഷിയിടം സന്ദർശിക്കുകയും പരമ്പരാഗത കൃഷി രീതികൾ പഠിക്കുകയും ചെയ്തിരുന്നു.

കാർഷിക മേഖലയിലെ സംഭാവനയ്ക്കു രാജ്യം 2023 റിപ്പബ്ലിക്ക് ദിനത്തിൽ അദ്ദേഹത്തിന് പദ്മഭൂഷൺ നൽകി ആദരിച്ചിരുന്നു. 2025 സംസ്ഥാന സർക്കാർ കാർഷിക സർവകലാശാലയുടെ പ്രൊഫസർ ഓഫ് പ്രാക്ടീസ് പദവി അദ്ദേഹത്തിന് നൽകിയിരുന്നു. 2026ൽ കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്കു സംസ്ഥാന കൃഷി വകുപ്പ് ഏർപ്പെടുത്തിയ പുരസ കാരത്തിനും അർഹനായി .

നമ്മുടെ നാടൻ വിത്തുകൾ നമ്മൾ തന്നെ സംരക്ഷിച്ചില്ലെങ്കിൽ ഭാവിയിൽ ഭക്ഷണത്തിനായി മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഈ വാക്കുകൾക്ക് ഇന്നും വലിയ പ്രാധാന്യമുണ്ട്.

നാടൻ വിത്തുകളെ സംരക്ഷിക്കാനും പ്രകൃതിയെ സ്നേഹിക്കാനും അദ്ദേഹം കാണിച്ചുതന്ന വഴികൾ ഇനിയും തുടരട്ടെ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വരും തലമുറകൾക്കും പ്രചോദനമാകട്ടെ.

– പ്രവീൺ എസ്.ആർ.

തദ്ദേശ ജനപ്രതിനിധികളുടെ ഓണറേറിയം വർധന:
സമിതി റിപ്പോർട്ട് സമർപ്പിച്ചു



തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയ വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചു. ഓണറേറിയം വർധിപ്പിക്കേണ്ടതിന്റെ അനിവാര്യതയും ആവശ്യകതകളും വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ടാണ് സമിതി സർക്കാരിന് നൽകിയത്.

2026 ഒക്ടോബർ 30 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി റിപ്പോർട്ട് ഔദ്യോഗികമായി പ്രകാശനം ചെയ്തു.

തദ്ദേശ ജനപ്രതിനിധികളുടെ ഓണറേറിയം പുതുക്കി നിശ്ചയിക്കുന്നതിനായി 2026 ജൂലൈ 29-നാണ് തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ് ഐ.എ.എസ്. ചെയർമാനും, തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ഡയറക്ടർ എം.പി. അജിത്കുമാർ കൺവീനറുമായി 12 അംഗ സമിതി രൂപീകരിച്ചത്.

മന്ത്രിയുടെ ചേംബറിൽ നടന്ന പ്രകാശന ചടങ്ങിൽ സമിതി ചെയർമാൻ എസ്. ഷാനവാസ് ഐ.എ.എസ്., കൺവീനർ എം.പി. അജിത്കുമാർ എന്നിവർക്ക് പുറമെ താഴെപ്പറയുന്ന തദ്ദേശ ജനപ്രതിനിധി അസോസിയേഷൻ ഭാരവാഹികളും ജനപ്രതിനിധികളും പങ്കെടുത്തു:

- ശ്രീ. അനിൽ അക്കര (പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ)
- ശ്രീ. അഹമ്മദ് പുന്നക്കൽ (സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ)
- ശ്രീ. എ.കെ. ഹഫീസ് (മേയർ, കൊല്ലം കോർപ്പറേഷൻ)
- ശ്രീ. എം.പി. ജാക്സൺ (ചെയർമാൻ, ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി)
- ശ്രീ. കെ.സി. അബ്ദുറഹിമാൻ (സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ)

തദ്ദേശ സ്ഥാപന ജനപ്രതിനിധികളുടെ സേവന വേതന വ്യവസ്ഥകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന ശുപാർശകളാണ് സമർപ്പിക്കപ്പെട്ട റിപ്പോർട്ടിലുള്ളത്



നൂൽപ്പുഴയുടെ കർമ്മസാരഥികളായി ഹരിതകർമ്മസേന

തമിഴ് നാട് - കർണാടക സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സുൽത്താൻബത്തേരി താലൂക്കിലെ ജൈവവൈവിധ്യസമൃദ്ധമായ ഗ്രാമപഞ്ചായത്താണ് നൂൽപ്പുഴ

ഭൂരിഭാഗം പ്രദേശങ്ങളും വനത്താൽ അതിർത്തി പങ്കിടുന്ന ഇവിടം പരിസ്ഥിതി സൗഹൃദ ജീവിതശൈലിക്ക് ഉദാഹരണമാണ്. അറുപത് ശതമാനത്തോളം ആദിവാസി വിഭാഗക്കാർ താമസിക്കുന്ന നൂൽപ്പുഴയുടെ പ്രധാന വരുമാന മാർഗം കൃഷിയാണ്. ഇഞ്ചി, കാപ്പി, കുരുമുളക്, അടയ്ക്ക, വാഴ, നെല്ല് എന്നിവ സമൃദ്ധമായി വിളയുന്ന മണ്ണാണ് ഇവിടത്തേത്. എന്നാൽ, ഇന്ന് നിരന്തരമായ മനുഷ്യ വന്യജീവി സംഘർഷങ്ങളുടെ വേദി കൂടിയാണ് ഇവിടം. വലിയതോതിൽ കാർഷിക ഉൽപ്പന്നങ്ങൾ കൃഷി ചെയ്ത് മറ്റു ദേശങ്ങളിലേക്ക് കയറ്റി അയച്ചിരുന്ന ഈ പ്രദേശത്തെ വലിയൊരു ഭാഗം കൃഷി ഭൂമിയും തുടർച്ചയായ വന്യജീവി ആക്രമണങ്ങളാൽ തരിശിടേണ്ടി വരുന്നു. നിലവിൽ ഭക്ഷ്യ ഉൽപ്പന്നങ്ങൾക്കായി വലിയതോതിൽ അന്യസംസ്ഥാന ഭക്ഷ്യ വിളകളെ ആശ്രയിക്കുന്ന പ്രദേശമായി മാറിയതിന്റെ ദുരന്തഫലമായി കാൻസർ പോലുള്ള മാരകരോഗങ്ങൾ കൂടി വരുന്ന സാഹചര്യവും നിലനിൽക്കുന്നു.

ഈ വെല്ലുവിളികൾ ഏറ്റെടുക്കുകയാണു നൂൽപ്പുഴയിലെ ഹരിതകർമ്മ സേന.

പരിസ്ഥിതി സംരക്ഷണത്തിൽ മാതൃക സൃഷ്ടിക്കുന്നതോടൊപ്പം നാട്ടിലെ ജനങ്ങളുടെ പ്രധാന പ്രശ്നങ്ങളുടെ പരിഹാരം കൂടിയാവുകയാണ് നൂൽപ്പുഴയിലെ ഹരിത കർമ്മ സേന.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിൽ നിന്നായി 38 പേരാണ് ഹരിത കർമ്മ സേനാംഗങ്ങളായി പ്രവർത്തനനിരയിൽ ഉള്ളത്.

ഏതൊരു മാലിന്യ സംസ്കരണ കേന്ദ്രത്തെയും പോലെ തന്നെ നൂൽപ്പുഴ ഹരിത കർമ്മ സേനയുടെ മാലിന്യ സംസ്കരണ കേന്ദ്രവും വ്യത്യസ്തമായിരുന്നില്ല. മാസം തോറും വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ കൂട്ടിയിട്ട് ദുർഗന്ധം വമിക്കുന്ന ഒരിടം തന്നെയായിരുന്നു. നാടും നഗരവും വൃത്തിയാക്കുന്ന ഞങ്ങളുടെ ഇടവും മനോഹരമാകണം എന്ന ചിന്തയിൽ നിന്നും കഠിനാധ്വാനത്തിന്റെ വഴിയിലൂടെ സഞ്ചരിച്ച്, മാലിന്യം എന്ന് വിളിക്കാൻ കഴിയുന്ന ഒരിടം പോലും സൃഷ്ടിക്കപ്പെടാതെ വൃത്തിയാക്കി ആ പ്രദേശത്തെല്ലാം മനോഹരമായ ഒരു ജണ്ടുമല്ലി പൂന്തോട്ടം രൂപപ്പെടുത്തി. നിരവധി പ്രതിസന്ധികൾ കടന്നുവന്നെങ്കിലും ഹരിത കർമ്മ സേനയുടെ നിശ്ചയദാർഢ്യത്തിന്റെ മുന്നിൽ അവയെല്ലാം മുട്ടുകുത്തുകയും കർണാടകയിലെ പൂന്തോട്ടങ്ങളെ പിന്നിലാക്കി വളരെ മനോഹരമായ ഒന്ന് നൂൽപ്പുഴയുടെ

നാട്ടിൽ വിസ്മയം തീർത്തു.. നിരവധി കാഴ്ചക്കാർ ദിനംപ്രതി ഇവിടേക്ക് ഒഴുകിയെത്തിയതോടുകൂടി എല്ലാ മാധ്യമങ്ങളുടെയും ശ്രദ്ധ ഇങ്ങോട്ടേക്ക് തിരിഞ്ഞു.. മറ്റ് പല പഞ്ചായത്തുകൾക്കും മാതൃകയാകുന്ന രീതിയിൽ തങ്ങളുടെ പ്രവർത്തനം ശ്രദ്ധിക്കപ്പെട്ട സന്തോഷത്തിലാണ് ഹരിത സേനാംഗങ്ങൾ.

പൂന്തോട്ടത്താൽ മനോഹരമാക്കിയ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് അതിലും മനോഹരമായ ഹരിത കർമ്മ സേന ഓഫീസ് സജ്ജമാക്കി. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.എം.ഷാജി എം സി എഫ് സന്ദർശിക്കുകയും ഓഫീസ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

എക്കോ ഷോപ്പ്

പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണികണ്ടെത്തുകയായിരുന്നു അടുത്ത ലക്ഷ്യം.

പച്ചക്കറികൾ, വാഴപ്പഴം, ചക്ക, മാങ്ങ, മില്ലിൽ ആട്ടിയെടുത്ത ശുദ്ധമായ വെളിച്ചെണ്ണ, സ്വന്തം വീട്ടാവശ്യത്തിന് തയ്യാറാക്കിയ മുളകുപൊടി, മല്ലിപ്പൊടി ,വീടുകളിൽ ഉണ്ടാക്കുന്ന വിവിധ പലഹാരങ്ങൾ, എന്നിവ ഏറ്റവും മികച്ചത് ആണെങ്കിലും ഇത്തരം ഉൽപ്പന്നങ്ങൾക്ക് നാളിതുവരെ വിപണി ഇല്ലാത്ത കാരണത്താൽ പൊതുസമൂഹത്തിന് ഉപയോഗപ്പെടുത്തുവാനോ ഉത്പാദകർക്ക് വരുമാനം ലഭിക്കുന്നതിനോ സാധിച്ചിരുന്നില്ല. ഈയാരു അവസ്ഥ സമൂഹവുമായി നിരന്തരം ഇടപെടുന്ന ഹരിത സേനാംഗങ്ങളിൽ എക്കോ ഷോപ്പ് എന്ന പുതിയാരാശയം രൂപപ്പെടുത്തുകയും കല്ലൂർ ടൗണിൽ അതിന് തുടക്കം കുറിക്കുകയും ചെയ്തു. മാസത്തിൽ ഒരു ദിവസം മാലിന്യ ശേഖരണത്തിനായി എത്തുന്ന ഹരിത കർമ്മ സേനയ്ക്ക് ഓരോ വീടുമായുള്ള ആത്മബന്ധം ഇത്തരം ഉൽപ്പന്നങ്ങളെ കണ്ടെത്താനും എക്കോ ഷോപ്പിലേക്ക് എത്തിക്കുവാനും സഹായിച്ചു. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ വിപണിയിൽ എത്തിയതോടെ ഉപഭോക്താക്കളുടെ എണ്ണവും വർദ്ധിച്ചു. . ഉൽപ്പാദകർക്ക് മുന്തിയ വില ലഭിച്ചതോടെ കൃഷി വ്യാപിപ്പിക്കുവാനും ചെറുകിട കർഷകർ മുൻകൈ എടുത്തു.പ്രദേശത്തിന്റെ കാർഷിക രംഗത്തിനു പുതിയൊരു ഉണർവ് സഭവിച്ചു. .

മാലിന്യ സംസ്കരണ പ്രവർത്തികൾ മാസത്തിൽ പത്ത് ദിവസം മാത്രമേ ഉള്ളൂ. മാസത്തിലെ ശേഷിക്കുന്ന ദിവസങ്ങളിലാണ് കൂടുതൽ വരുമാന വർദ്ധനവിനായി ഇത്തരത്തിലുള്ള ജോലികളിൽ ഹരിത സേന ഏർപ്പെടുന്നത്.

എക്കോ ഷോപ്പിന്റെ പ്രവർത്തനം കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനും കർഷകർക്ക് കൂടുതൽ ഗുണകരമാകുന്നതിനും വേണ്ടി ഭാവിയിൽ എക്കോ ഷോപ്പിന്റെ പ്രവർത്തനം ഒരു ഇലക്ട്രിക് വെഹിക്കിളിന്റെ സഹായത്തോടെ വീട് വീടാന്തരം എത്തിച്ചേരുന്ന മൊബൈൽ എക്കോ ഷോപ്പ് എന്ന രീതിയിലേക്ക് മാറ്റുവാനുള്ള ആലോചനയിലാണ് സേനാംഗങ്ങൾ.

മഞ്ഞൾ സംസ്കരണ കേന്ദ്രം

രൂക്ഷമായ വന്യമൃഗ ശല്യത്താൽ കൃഷി ഉപേക്ഷിച്ച കർഷകർക്ക് വലിയ പ്രതീക്ഷ നൽകുന്ന ഒന്നാണ് ഹരിത കർമ്മ സേനയുടെ മഞ്ഞൾ സംസ്കരണ കേന്ദ്രം. വന്യമൃഗങ്ങൾ സാധാരണയായി മഞ്ഞൾ കൃഷിയെ നശിപ്പിക്കാറില്ല. എന്നാൽ, മഞ്ഞൾപ്പൊടിക്ക് നല്ല വിലയുണ്ടെങ്കിലും മഞ്ഞളിന് തീരെ വിലയില്ലാത്തതിനാൽ കർഷകർ മഞ്ഞൾ കൃഷി ചെയ്തിരുന്നില്ല. മഞ്ഞളിന് നല്ല വില ലഭിക്കുന്ന പോളിഷ്ഡ് മഞ്ഞൾപൊടി ആക്കുന്ന സംസ്കരണ കേന്ദ്രം വയനാട് ജില്ലയിൽ എവിടെയുമില്ല. ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന മഞ്ഞൾ സംസ്കരണ കേന്ദ്രത്തിന് 25 ലക്ഷം രൂപയുടെ യന്ത്ര സാമഗ്രികൾ എം എസ് സ്വാമിനാഥൻ ഫൗണ്ടേഷൻ നൽകുകയും ഇൻസ്റ്റലേഷൻ പ്രവർത്തികൾ പുരോഗമിക്കുകയും ചെയ്യുകയാണ്. ഇത് പൂർത്തിയാകുന്നതോടെ പച്ചമഞ്ഞളുമായി വരുന്ന കർഷകർക്ക് മികച്ചയിനം മഞ്ഞൾപൊടിയുമായി മടങ്ങാവുന്നതാണ്. ഇത് നൂൽപ്പുഴയിലെ മാത്രമല്ല വയനാട്ടിലെ കർഷകർക്ക് വലിയൊരു പ്രതീക്ഷയും ആശ്വാസവും ആകുമെന്ന് കരുതുന്നു.

പ്രദേശത്ത് വിളവെടുക്കുന്ന ചക്ക, മാങ്ങ മുതലായ കായ്കനികളെ ഡ്രൈ ചെയ്തു സൂക്ഷിക്കുവാൻ കഴിയുന്ന ഡ്രൈയർ മെഷീൻ ഇതോടൊപ്പം ലഭ്യമായിട്ടുണ്ട്. സാധാരണയായി പറമ്പുകളിൽ വിണ് പാഴായിപ്പോകുന്ന ഇത്തരം ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ തന്നെ വിപണി ലഭിക്കുന്നതിന് ഇത്തരം ഇടപെടലുകൾ കൊണ്ട് സാധ്യമാകും എന്ന് കരുതുന്നു. ഇതോടൊപ്പം സ്ഥാപിക്കുന്ന മറ്റൊരു യന്ത്രമാണ് കുരുമുളക് സോർട്ടിങ് മെഷീൻ. സോഫ്റ്റ് ചെയ്യപ്പെട്ട കുരുമുളകിന് വിപണിയിൽ കൂടുതൽ വില ലഭിക്കുമെന്നതിനാൽ വയനാട്ടിലെ കുരുമുളക് കർഷകർക്ക് വരുമാന വർദ്ധനവിന് സോർട്ടിംഗ് മെഷിൻ പ്രവർത്തനമാരംഭിക്കുന്നതോടെ സാധ്യമാകുന്നതാണ്.

ഇത്തരത്തിൽ, കേവലം മാലിന്യനിർമ്മാർജ്ജനമെന്ന കർമ്മപഥത്തിലൂന്നിയുള്ള പ്രവർത്തനത്തിനുപരിയായി മികച്ച സാമൂഹ്യ ഇടപെടലുകളിലൂടെ തങ്ങളുടെ കർമ്മപഥം വിപുലപ്പെടുത്തിയ ഈ ഹരിതകർമ്മസേന കേരളത്തിനു തന്നെ ഒരു മാതൃകയായി തീരും എന്നതിൽ സംശയമില്ല.

നിതീഷ്.സി.ആർ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്



ഇംബൈബ്

അറിവിന്റെ പുതിയ വഴിയൊരുക്കിയ ജനകീയ ഇടപെടൽ

മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ NMMS പരിശീലന പദ്ധതി ഇന്ന് നൂറുകണക്കിന് വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾക്ക് ചിറകേകുന്നു.

വിദ്യാഭ്യാസം ഒരു സമൂഹത്തിന്റെ ഭാവിയെ നിർണയിക്കുന്ന ഏറ്റവും ശക്തമായ ഉപാധിയാണ്. എന്നാൽ വിദ്യാഭ്യാസ മേഖലയിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതികൾ നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പലപ്പോഴും അധികാരപരമായ പരിമിതികളുണ്ട്. പ്രത്യേകിച്ച് ബ്ലോക്ക് പഞ്ചായത്തുകളുടെ നിലവിലെ അധികാരപരിധിയിൽ സ്കൂളുകളിലും വിദ്യാഭ്യാസ മേഖലയിലും സർക്കാർ ഫണ്ട് ഉപയോഗിച്ച് നേരിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് നിയമപരമായ നിയന്ത്രണങ്ങളുണ്ടായിരുന്നു.

എങ്കിലും, “അധികാരപരിധിയിലല്ല” എന്നത് “ഉത്തരവാദിത്തമില്ല” എന്നല്ല എന്ന തിരിച്ചറിവിൽ നിന്നാണ് മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പുതിയൊരു ചുവടുവെപ്പിന് തുടക്കം കുറിച്ചത്.

ബ്ലോക്ക് പരിധിയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി എന്തെങ്കിലും

ചെയ്യണമെന്ന ചിന്തയിൽ നിന്നാണ് IMBIBE എന്ന വേറിട്ട വിദ്യാഭ്യാസ പദ്ധതി രൂപംകൊള്ളുന്നത്. സർക്കാർ നടത്തുന്ന വിവിധ മത്സരപരീക്ഷകൾക്ക് വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനവും പ്രോത്സാഹനവും ലഭിക്കുന്നില്ലെന്ന യാഥാർഥ്യമാണ് പദ്ധതിയുടെ തുടക്കത്തിന് പ്രചോദനമായത്.

ഒരു പരീക്ഷ; ഒരു വലിയ സ്വപ്നം

എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന കേന്ദ്രസർക്കാരിന്റെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സഹായ പദ്ധതിയാണ് National Means-Cum-Merit Scholarship (NMMS). അർഹരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം, വർഷം 12,000 രൂപ, ഹയർ സെക്കൻഡറി പഠനകാലയളവിൽ നാല് വർഷം വരെ ലഭിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

എന്നാൽ ഈ ആനുകൂല്യം നേടുന്നതിന് മത്സരപരീക്ഷ വിജയിക്കണം. ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നും സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽ നിന്നുമുള്ള നിരവധി കുട്ടികൾക്ക് കഴിവുണ്ടായിരുന്നിട്ടും ശരിയായ പരിശീലനവും മാർഗനിർദേശവും ലഭിക്കാത്തത് അവരുടെ സാധ്യതകൾക്ക് തടസ്സമായി.

ഈ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെയാണ് മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് 2022-23ൽ IMBIBE പദ്ധതി ആരംഭിച്ചത്. ജനകീയ പദ്ധതിയായി ബ്ലോക്ക് പരിധിയിലെ പത്ത് ഹൈസ്കൂളുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കിയത്.

ജനകീയ പങ്കാളിത്തത്തിൽ പിറന്ന തുടക്കം

പദ്ധതിക്കാവശ്യമായ സാമ്പത്തിക വിഭവങ്ങൾ കണ്ടെത്തിയത് വ്യത്യസ്തമായ രീതിയിലായിരുന്നു. പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകളും വിവിധ കമ്പനികളുടെ CSR ഫണ്ടും സമാഹരിച്ചാണ് ആദ്യ വർഷത്തെ പദ്ധതി മുന്നോട്ടുകൊണ്ടുപോയത്.

പരീക്ഷാ പരിശീലനത്തിനായി വിദഗ്ധരായ റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി. മലപ്പുറം ഡി.ഡി.ഇ.യായി വിരമിച്ച പി. സഫറുള്ളയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. NMMS പരീക്ഷയുടെ മുൻ പത്ത് വർഷങ്ങളിലെ ചോദ്യപേപ്പറുകളും ഉത്തരങ്ങളും ശേഖരിച്ച് ഒരു കസ്റ്റ്യൻ ബാങ്ക് തയ്യാറാക്കി. ഇംഗ്ലീഷ്, മലയാളം മീഡിയം വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ അത് പുസ്തകരൂപത്തിലാക്കി വിതരണം ചെയ്തു. പൂക്കോട്ടൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ എം.പി. അബ്ദുസ്സമദ് സമദാനി എം.പി. പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ചു.

ഫലം പ്രതീക്ഷിച്ചതിനേക്കാൾ വലുതായിരുന്നു.

2022-23ൽ പരീക്ഷയെഴുതിയ 800 വിദ്യാർത്ഥികളിൽ 49 പേർക്ക് NMMS സ്കോളർഷിപ്പ് നേടാനായി. അതിലുപരി, 500ലേറെ വിദ്യാർത്ഥികൾ ക്വാളിഫൈഡ് വിഭാഗത്തിലെത്തി. മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് നേടുന്നവരുടെ എണ്ണം 20ൽ താഴെയായിരുന്ന സാഹചര്യത്തിലാണ് ഈ നേട്ടം.

വിജയികളെയും ക്വാളിഫൈഡ് വിഭാഗത്തിലെത്തിയ വിദ്യാർത്ഥികളെയും പദ്ധതിക്ക് പിന്തുണ നൽകിയ അധ്യാപകരെയും ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ അനുമോദിക്കുകയും ഉപഹാരങ്ങളും സർട്ടിഫിക്കറ്റുകളും നൽകുകയും ചെയ്തു.

വിജയം തുടർച്ചയ്ക്ക് ഊർജമായി

ആദ്യ വർഷത്തെ മികച്ച വിജയം പദ്ധതിയുടെ സ്വീകാര്യത വർധിപ്പിച്ചു. വിദ്യാലയങ്ങളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ലഭിച്ച പിന്തുണയും പദ്ധതി തുടരണമെന്ന ആവശ്യവും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് പുതിയ ആത്മവിശ്വാസം നൽകി. എന്നാൽ വർഷംതോറും ജനകീയ വിഭവസമാഹരണത്തിലൂടെ മാത്രം പദ്ധതി മുന്നോട്ടുകൊണ്ടുപോകുക പ്രായോഗികമല്ലെന്ന തിരിച്ചറിവും ഉണ്ടായി. അങ്ങനെയാണ് 2023-24ലെ വാർഷിക പദ്ധതിയിൽ IMBIBE ഒരു നൂതന പദ്ധതിയായി ഉൾപ്പെടുത്തുകയും മൂന്ന് ലക്ഷം രൂപ ജനറൽ ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്തത്. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിക്കപ്പുറത്തുള്ള വിഷയമായിരുന്നിട്ടും പദ്ധതിക്ക് ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു.

പദ്ധതിയുടെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബ്ലോക്ക് പരിധിയിലെ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഉപസമിതി രൂപീകരിച്ചു.

പരിശീലനത്തിൽ നിന്ന് സംവിധാനത്തിലേക്ക്

രണ്ടാം വർഷം മുതൽ പദ്ധതിക്ക് കൂടുതൽ ചിട്ടയും ശാസ്ത്രീയതയും കൈവന്നു.അപേക്ഷിച്ച വിദ്യാർത്ഥികളിൽ നിന്ന് പരീക്ഷ നടത്തി അർഹരായവരെ കണ്ടെത്തി. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

ഓരോ സ്കൂളിലും പരിശീലനത്തിന്റെ ചുമതല ഒരു അധ്യാപകനെ ഏൽപ്പിച്ചു. ബ്ലോക്ക് തലത്തിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി.

വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി സ്കൂളുകളിൽ പ്രത്യേക ക്ലാസുകൾ സംഘടിപ്പിച്ചു.മാസത്തിൽ രണ്ടുതവണ മോഡൽ പരീക്ഷകൾ നടത്തി. പരിശീലനത്തിന് ആവശ്യമായ പഠനസാമഗ്രികൾ ബ്ലോക്ക് പഞ്ചായത്ത് തന്നെ തയ്യാറാക്കി വിതരണം ചെയ്തു.

ഈ സംഘടിതമായ ഇടപെടലിന്റെ ഫലം വീണ്ടും ശ്രദ്ധേയമായി.

2023-24ൽ 75 വിദ്യാർത്ഥികൾ NMMS സ്കോളർഷിപ്പ് നേടി. വിജയികളെയും അവരവരുടെ വിദ്യാലയങ്ങളെയും അഭിനന്ദിക്കുന്നതിനായി പ്രത്യേക പരിപാടി സംഘടിപ്പിച്ചു. നജീബ് കാന്തപുരം എം. എൽ.എ., പി. ഉബൈദുള്ള എം.എൽ.എ., ജില്ലാ കലക്ടർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പദ്ധതി കൂടുതൽ ശക്തമാകുന്നു

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഉപസമിതിയുടെ അംഗീകാരത്തോടെ സ്കൂളുകളിൽ പരിശീലനം നൽകുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി ഏജൻസികളെ കണ്ടെത്തി. ക്വട്ടേഷൻ സ്വീകരിക്കുകയും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഒരു ഏജൻസിയെ നടത്തിപ്പിനായി ചുമതലപ്പെടുത്തുകയും ചെയ്തു. 2024-25ൽ പദ്ധതിക്കായി നാല് ലക്ഷം രൂപ വകയിരുത്തി.

ആ വർഷം NMMS പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഏറ്റവും ഉയർന്ന കട്ട് ഓഫ് മാർക്ക് നിലവിലുണ്ടായിരുന്നിട്ടും 64 വിദ്യാർത്ഥികൾ സ്കോളർഷിപ്പ് നേടി. ഈ വർഷം മാത്രം മലപ്പുറം ബ്ലോക്ക് പരിധിയിലെ പദ്ധതിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ലഭിച്ചത് 30,72,000 രൂപയുടെ സ്കോളർഷിപ്പാണ്.

ഇംബൈബ് പദ്ധതിയുടെ പ്രവർത്തന മികവിന് അംഗീകാരമായി ആ വർഷം കേരള പഞ്ചായത്ത് വാർത്താചാനലിന്റെ സംസ്ഥാനതല പുരസ്കാരവും ലഭിച്ചു.പദ്ധതിയുടെ മികവ് വ്യക്തിഗത നേട്ടങ്ങളിലൂടെയും പ്രകടമായി. ബ്ലോക്ക് പരിധിയിലെ ക്രസന്റ് ഹൈസ്കൂളിലെ അമൻ പി. സംസ്ഥാന തലത്തിൽ നാലാം റാങ്കും കോഡൂർ ചെമ്മങ്കടവ് പി.എം.എസ്.എ.എം.എ. സ്കൂളിലെ എം. ഐശ്വര്യ അഞ്ചാം റാങ്കും നേടി. വിദ്യാർത്ഥികളെയും വിദ്യാലയങ്ങളെയും അനുമോദിക്കുന്ന ചടങ്ങിൽ അഡ്വ. ഹാരിസ് ബീരാൻ എം.പി. മുഖ്യാതിഥിയായി പങ്കെടുത്തു.

> ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ പരിമിതമായ വിഭവങ്ങളിൽ നിന്ന് ആരംഭിച്ച ഒരു ഇടപെടൽ, വിദ്യാർത്ഥികൾക്ക് ഒരു കോടിയിലേറെ രൂപയുടെ വിദ്യാഭ്യാസ സഹായമായി മാറിയതിന്റെ ഉദാഹരണമാണിത്.

വിജയക്കുതിപ്പ് തുടരുന്നു

ഓരോ വർഷവും കൈവരിച്ച നേട്ടങ്ങൾ IMBIBEന്റെ സ്വീകാര്യത കൂടുതൽ വർധിപ്പിച്ചു.

2025-26ൽ 84 വിദ്യാർത്ഥികൾ NMMS സ്കോളർഷിപ്പ് നേടി. നിരവധി വിദ്യാർത്ഥികൾ കാളിഫൈഡ് ലിസ്റ്റിലും ഇടംപിടിച്ചു. ഇത് കേവലം ഒരു പരീക്ഷാ പരിശീലന പദ്ധതിയുടെ വിജയമല്ല. ഒരു പ്രദേശത്തെ കുട്ടികളുടെ കഴിവുകളെ കണ്ടെത്തി, അവയ്ക്ക് ശരിയായ ദിശയും പരിശീലനവും പിന്തുണയും നൽകുമ്പോൾ എന്തൊക്കെ മാറ്റങ്ങൾ സൃഷ്ടിക്കാനാകുമെന്നതിന്റെ തെളിവുകൂടിയാണ്.

272 കുട്ടികൾ; ഒരു കോടി മുപ്പത് ലക്ഷത്തിലേറെ രൂപ

IMBIBE പദ്ധതി ആരംഭിച്ചതു മുതൽ ഇതുവരെ 272 വിദ്യാർത്ഥികൾക്ക് NMMS സ്കോളർഷിപ്പ് നേടാൻ കഴിഞ്ഞു.പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിവിധ വർഷങ്ങളിലായി ആകെ 10.70 ലക്ഷം രൂപ പദ്ധതി വിഹിതമായി ചെലവഴിച്ചു. ആദ്യ വർഷം ജനകീയ അടിസ്ഥാനത്തിൽ സമാഹരിച്ച ഒരു ലക്ഷം രൂപയും ഇതിനുപുറമെ ചെലവഴിച്ചു. ഈ നേട്ടത്തിന്റെ ഏറ്റവും വലിയ സാമൂഹിക പ്രതിഫലനം സാമ്പത്തികമായും കാണാം. മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിദ്യാർത്ഥികൾക്ക് NMMS സ്കോളർഷിപ്പ് ഇനത്തിൽ ആകെ 1,30,56,000 രൂപ ലഭിക്കാൻ IMBIBE വഴിയൊരുക്കി.

ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ പരിമിതമായ വിഭവങ്ങളിൽ നിന്ന് ആരംഭിച്ച ഒരു ഇടപെടൽ, വിദ്യാർത്ഥികൾക്ക് ഒരു കോടിയിലേറെ രൂപയുടെ വിദ്യാഭ്യാസ സഹായമായി മാറിയതിന്റെ ഉദാഹരണമാണിത്.

IMBIBE-5: അഞ്ചാം വർഷത്തിലേക്ക്

വിജയത്തിന്റെ തുടർച്ചയാണ് പദ്ധതിയുടെ ഏറ്റവും വലിയ ശക്തി.



2026-27 വർഷത്തെ IMBIBE-5ന്റെ ലോഞ്ചിംഗും 2025-26ൽ സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളെയും വിദ്യാലയങ്ങളെയും അനുമോദിക്കുന്ന ചടങ്ങും 2026 ജൂൺ 8ന് സംഘടിപ്പിച്ചു. ചടങ്ങിൽ ബഹു. വ്യവസായ-ഐ.ടി. വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി വിജയികളുമായി സംവദിക്കുകയും IMBIBE-5 സമർപ്പണം നിർവഹിക്കുകയും ചെയ്തു. ഒരു പദ്ധതി അഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ അതിന്റെ പിന്നിൽ കണക്കുകൾ മാത്രമല്ല, ഒരു സമൂഹത്തിന്റെ വിശ്വാസം കൂടിയുണ്ട്.

സ്കോളർഷിപ്പിനപ്പുറം ഒരു പഠനാനുഭവം

IMBIBEന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത, ഇത് ഒരു സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള പരിശീലനമായി മാത്രം ചുരുങ്ങുന്നില്ല എന്നതാണ്. മത്സരപരീക്ഷകളെ ആത്മവിശ്വാസത്തോടെ നേരിടാനുള്ള കഴിവ്, പഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ശീലം, ആശയവിനിമയ ശേഷി, നേതൃപാടവം തുടങ്ങിയ നിരവധി കഴിവുകൾ വളർത്തിയെടുക്കാനും പദ്ധതി സഹായിക്കുന്നു.

അതുകൊണ്ടുതന്നെ IMBIBEന്റെ വിജയം അളക്കേണ്ടത് സ്കോളർഷിപ്പ് നേടിയ 272 കുട്ടികളുടെ എണ്ണത്തിൽ മാത്രം ഒതുങ്ങുന്നില്ല. മത്സരിക്കാൻ പഠിച്ച, ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകാൻ തുടങ്ങിയ നൂറുകണക്കിന് കുട്ടികളിലാണ് അതിന്റെ യഥാർഥ വിജയം.

ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ അതിരുകൾക്കപ്പുറം

ഇത്തരം ഒരു വിദ്യാഭ്യാസ പദ്ധതി ഏറ്റെടുത്ത സംസ്ഥാനത്തെ ആദ്യ ബ്ലോക്ക് പഞ്ചായത്ത് എന്ന നിലയിൽ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ IMBIBE ഇടപെടൽ ശ്രദ്ധേയമാണ്. അതാത് ഡിവിഷനുകളിലെ ജനപ്രതിനിധികൾ, പി.ടി.എ. കമ്മിറ്റികൾ, പ്രധാനാധ്യാപകർ, ചുമതലയുള്ള അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ അകമഴിഞ്ഞ സഹകരണവും ആത്മാർപ്പണവുമാണ് പദ്ധതിയുടെ വിജയത്തിന് പിന്നിൽ. അധികാരപരിധിയുടെ പരിമിതികളെ മറികടന്ന് ഒരു പ്രാദേശിക ഭരണകൂടം ഒരു തലമുറയുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്കൊപ്പം നിൽക്കുമ്പോൾ, ഒരു പദ്ധതി രൂപപ്പെടുകയല്ല. ഒരു മാറ്റത്തിന്റെ തുടക്കമാണ് സംഭവിക്കുന്നത്.IMBIBE അതിന്റെ തെളിവാണ്.

ഇന്ന് അത് ഒരു NMMS പരിശീലന പദ്ധതിയെന്നതിലുപരി “കഴിവുള്ള കുട്ടികൾക്ക് അവസരം നൽകുക, അവസരം ലഭിച്ച കുട്ടികൾക്ക് ആത്മവിശ്വാസം നൽകുക, അവരുടെ സ്വപ്നങ്ങൾക്ക് സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കുക” എന്ന വിശാലമായ ആശയത്തിന്റെ പേരായി മാറിയിരിക്കുന്നു.

ഒരു കുട്ടിയുടെ വിജയം ഒരു കുടുംബത്തിന്റെ സന്തോഷമാണ്.

നൂറുകണക്കിന് കുട്ടികളുടെ വിജയം ഒരു നാടിന്റെ പ്രതീക്ഷയാണ്.

ആ പ്രതീക്ഷയ്ക്ക് വഴിയൊരുക്കുകയാണ് IMBIBE.

തയ്യാറാക്കിയത്

ശ്രീമതി റജുല പെലത്തൊടി

(മലപ്പുറംബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)

മാലിന്യസംസ്കരണം നാളെയുടെ ജീവിതത്തിനായുള്ള പോരാട്ടം

മന്ത്രി കെ. എം. ഷാജി

സംസ്ഥാനത്തെ മൂന്നാമത്തെ RDF പ്ലാന്റ് തിരുവനന്തപുരം മുട്ടത്തറയിൽ പ്രവർത്തന സജ്ജമാണ്.

അജൈവ മാലിന്യങ്ങളുടെ സംസ്കരണവും ശാസ്ത്രീയ പുനരുപയോഗവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലെ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ നേതൃത്വത്തിൽ മുട്ടത്തറയിൽ സജ്ജമാക്കിയ സംസ്ഥാനത്തിന്റെ മൂന്നാമത്തെ 100 ടി.പി.ഡി ശേഷിയുള്ള ആർ.ഡി.എഫ് (Refuse Derived Fuel Alternative Fuel and Raw Material) പ്ലാന്റിന്റെ ഉദ്ഘാടനം ഒക്ടോബർ 9ന് രാവിലെ 11ന് നടന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ. എം. ഷാജി പ്ലാന്റ് ഉദ്ഘാടനം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ്. അയ്യർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നഗരസഭാ സെക്രട്ടറി ജെ. മുഹമ്മദ് ഷാഫി, കൗൺസിലർമാരായ സജിന ടീച്ചർ, ശ്രുതിമോൾ, ക്ലീൻ കേരള കമ്പനി എം.ഡി ജി. കെ. സുരേഷ് കുമാർ, ഉദയശ്രീ എന്റർപ്രൈസസ് എം.ഡി ടി. ചന്ദ്രശേഖരൻ നായർ, തുടങ്ങിയവർ പങ്കെടുത്തു.


മാലിന്യത്തെ തള്ളാനുള്ള ഒന്നായി കാണാതെ മൂല്യമുള്ള ഒരു വിഭവമായി കാണുന്നതിലേക്ക് നാട് മാറിക്കഴിഞ്ഞുവെന്ന് മന്ത്രി പറഞ്ഞു. പ്ലാസ്റ്റിക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ വലുതാണ്. വലിച്ചെറിയുന്ന പ്ലാസ്റ്റിക് മണ്ണിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ മൺപാളികളുടെ തനിമയും കുടിവെള്ള സ്രോതസ്സുകളും ഇല്ലാതാകുന്നു. ഭൂമിയുടെ ജൈവവൈവിധ്യത്തെയും മനുഷ്യജീവിതത്തെയും സംരക്ഷിക്കാനും തിരിച്ചുപിടിക്കാനുമുള്ള വലിയൊരു ദൗത്യമാണ് ഈ സംസ്കരണ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്.

കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഈ പദ്ധതി, നിലവിലുള്ള മാലിന്യസംസ്കരണ അടിസ്ഥാന സൗകര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുകയും മാലിന്യങ്ങൾ പൂർണ്ണമായും സംസ്ഥാനത്തിന്റെ ഉള്ളിൽത്തന്നെ സംസ്കരിച്ചെടുത്ത് നാടിനെ സീറോ വേസ്റ്റ് ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനായി തദ്ദേശ സ്വയംഭരണ



വകുപ്പ് പ്രഖ്യാപിച്ച 'നിർമലം' പദ്ധതിയുടെ ഭാഗമാണ്. ഓരോ വീട്ടിലും കുട്ടികൾ മുതൽ മുതിർന്നവർ വരെ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയാതെ വേർതിരിച്ചു വയ്ക്കാൻ പഠിക്കണം. നാടിന്റെ കാവലാളുകളായി പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനയുടെ സേവനത്തെ എടുത്തുപറഞ്ഞ മന്ത്രി, അവർക്ക് കൃത്യമായി വേർതിരിച്ച മാലിന്യങ്ങൾ കൈമാറാൻ പൊതുജനങ്ങൾ തയ്യാറാകണമെന്നും പറഞ്ഞു.

മാലിന്യം വലിച്ചെറിയുന്നതോടെ അതിനു മേലുള്ള ഉത്തരവാദിത്തം അവസാനിച്ചുവെന്ന പൊതുജന മനോഭാവത്തിൽ മാറ്റം വരണമെന്നും മാലിന്യ സംസ്കരണം കേവലമൊരു കെട്ടിടം കെട്ടി ഫാക്ടറി നടത്തുന്ന സാധാരണ പ്രവർത്തനമല്ലെന്നും മന്ത്രി പറഞ്ഞു. വേസ്റ്റ് എന്നതിനെ ഒരു വർത്ത് എന്ന നിലക്ക്, വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന



മാലിന്യങ്ങളെ കടുത്ത ജാഗ്രതയോടെ കണ്ട് അവയുടെ ശാസ്ത്രീയ പ്രാധാന്യത്തെ മനസ്സിലാക്കണമെന്നും നമ്മൾ വലിച്ചെറിയുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുക എന്നത് ഓരോരുത്തരുടെയും കടമയാണെന്നും മന്ത്രി ഓർമ്മിപ്പിച്ചു. മാലിന്യത്തെ വെറും നിർമാർജനം ചെയ്യേണ്ട വസ്തുവായി കാണുന്നതിന് പകരം അതിലെ വിഭവമൂല്യവും energy value-ഉം പരമാവധി വീണ്ടെടുക്കുന്ന Circular Economy സമീപനത്തിലേക്കുള്ള പ്രധാനപ്പെട്ട ചുവടുവയ്പ്പ് കൂടിയാണ് ഈ പദ്ധതി.

പദ്ധതിയുടെ വിശദീകരണം ദിവ്യ എസ് അയ്യർ നൽകി. കേരളത്തിൽ വരും ദിവസങ്ങളിൽ കൂടുതൽ മാലിന്യ സംസ്കരണ പദ്ധതികളും പ്ലാന്റുകളും ഉണ്ടാവുമെന്നും സംസ്കരണത്തിന് ശേഷം ലഭിക്കുന്ന ഇന്ധനം പ്ലാന്റിന് സമീപമുള്ള വ്യാവസായിക സ്ഥാപനങ്ങൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണം എന്നും കൂടി അവർ കൂട്ടിച്ചേർത്തു.

മുട്ടത്തറയിലെ പ്ലാന്റിൽ പ്രതിദിനം 100 ടൺ മാലിന്യം സംസ്കരിക്കാനാകും. പ്ലാന്റിലെത്തുന്ന മാലിന്യങ്ങളെ ശാസ്ത്രീയമായി പൊടിച്ച് 50-70 എം എം കഷണങ്ങളാക്കുകയും അഡ്വാൻസ്ഡ് ബെയ്ലിങ് മെഷീനുകൾ ഉപയോഗിച്ച് മണിക്കൂറിൽ 7-9 ടൺ മാലിന്യം 500-700 കിലോ ഭാരമുള്ള വലിയ ക്യൂബ് പാക്കുകളാക്കി മാറ്റുകയുമാണ് ചെയ്യുന്നത്. ദുർഗന്ധമോ വായു-ജല മലിനീകരണമോ ഉണ്ടാകാത്ത ഈ പ്ലാന്റിൽ അത്യാധുനിക ഫയർ ആൻഡ് സേഫ്റ്റി സംവിധാനങ്ങളും തത്സമയ ഗുണനിലവാര പരിശോധനയ്ക്കായി ക്വാളിറ്റി കൺട്രോൾ ലാബും സജ്ജീകരിച്ചിട്ടുണ്ട്.

മാലിന്യത്തെ വെറും ഉപേക്ഷിക്കേണ്ട വസ്തുവായി കാണാതെ മാലിന്യത്തിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ സൃഷ്ടിക്കുക, ലാൻഡ്ഫില്ലിലേക്കും അശാസ്ത്രീയമായ സംസ്കരണത്തിലേക്കുമുള്ള മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പരമ്പരാഗത ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്നിവയ്ക്കും പദ്ധതി സഹായകരമാകും. ഇതുവഴി കേരളത്തിന്റെ ശാസ്ത്രീയ അജൈവ മാലിന്യസംസ്കരണ സംവിധാനത്തിന് കൂടുതൽ ശക്തി പകരാൻ സാധിക്കും.

"മാലിന്യത്തിൽ നിന്ന് ഇന്ധനം, ഇന്ധനത്തിൽ നിന്ന് സാമ്പത്തിക മൂല്യം, അതോടൊപ്പം പരിസ്ഥിതി സംരക്ഷണം" എന്ന ആശയം പ്രാവർത്തികമാക്കുന്ന ഒരു ശാസ്ത്രീയവും സുസ്ഥിരവുമായ മാലിന്യസംസ്കരണ മാതൃകയാണ് മുട്ടത്തറ RDF Plant. മാലിന്യത്തെ ഒരു പ്രശ്നമായി മാത്രം കാണാതെ ഒരു വിഭവമായി മാറ്റി ഉപയോഗിക്കുന്ന Circular Economy സമീപനത്തിലേക്കുള്ള കേരളത്തിന്റെ പ്രധാനപ്പെട്ട ഒരു ചുവടുവയ്പായി ഈ പദ്ധതിയെ കാണാം. സംസ്ഥാനത്ത് വികസിപ്പിച്ചുവരുന്ന RDF infrastructure-നൊപ്പം ഇത്തരം Regional Facilities കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെ അജൈവ മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കാനും, reosurce recovery-യും energy recovery-യും വർധിപ്പിക്കാനും, പരിസ്ഥിതി സംരക്ഷണവും സാമ്പത്തിക കാര്യക്ഷമതയും ഒരേസമയം കൈവരിക്കാനും സാധിക്കുന്നതാണ്.

ആർ.എസ്.സായിപൗർണ്ണമി
വീഡിയോ കാണുവാൻ
QR കോഡ്
സ്ക്യാൻ ചെയ്യുക



ജൈവസമ്പത്ത് സംരക്ഷണത്തിന് മുൻഗണന നൽകണം

മന്ത്രി കെ. എം. ഷാജി

2030 ഓടെ തലസ്ഥാന ജില്ലയെ സമ്പൂർണ ജൈവവൈവിധ്യ സൗഹൃദ പ്രദേശമാക്കി മാറ്റുകയാണ് ലക്ഷ്യം.

ഭൂമി മനുഷ്യർക്കു മാത്രമുള്ളതാണെന്ന ചിന്തയിൽ പ്രകൃതിവിഭവങ്ങൾ അനിയന്ത്രിതമായി ചൂഷണം ചെയ്തതിന്റെ ദുരന്തഫലങ്ങളാണ് ലോകം ഇന്ന് നേരിടുന്നതെന്നും പ്രകൃതിയുടെ സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ. എം. ഷാജി പ്രസ്താവിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതിയുടെ നേതൃത്വത്തിൽ 2030-ഓടെ തലസ്ഥാന ജില്ലയെ സമ്പൂർണ ജൈവവൈവിധ്യ സൗഹൃദ പ്രദേശമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന 'ജൈവവൈവിധ്യത്തോടു കൈകോർത്തു അനന്തപുരി' പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'അനന്തവൈവിധ്യം 2026' അന്താരാഷ്ട്ര ജൈവ വൈവിധ്യ കോൺക്ലേവ് തമ്പാനൂർ കെ.ടി.ഡി.സി ഗ്രാൻഡ് ചൈത്രം ഹോട്ടലിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കണ്ടൽക്കാടുകളുടെ നാശത്തെ ഭൂമി കൈയേറ്റമായോ തരംമാറ്റമായോ മാത്രം കാണുന്ന സമീപനം തിരുത്തണമെന്ന് മന്ത്രി ഓർമ്മിപ്പിച്ചു. ജൈവവൈവിധ്യത്താൽ സമ്പന്നമായ കണ്ടൽക്കാടുകൾ ഇല്ലാതാകുമ്പോൾ ഒരു വലിയ ആവാസവ്യവസ്ഥയാണ് തകരുന്നത്. പശ്ചിമ

ഘട്ടത്തിന്റെ സംരക്ഷണം കേരളത്തിന്റെയോ ഇന്ത്യയുടെയോ മാത്രം വിഷയമല്ല, മറിച്ച് ലോകത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട ഉത്തരവാദിത്തമാണ്. പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുമ്പോൾ പുലർത്തേണ്ട ഉത്തരവാദിത്തം കുട്ടികളെ വീട്ടിൽ നിന്നുതന്നെ പഠിപ്പിക്കണമെന്നും പരിസ്ഥിതി ദിനാചരണങ്ങളും ബോധവത്കരണവും ഫലപ്രദമാകണമെങ്കിൽ പ്രകൃതിവിരുദ്ധമായ ശീലങ്ങൾ തിരുത്താൻ ഓരോരുത്തരും തയ്യാറാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജില്ലയുടെ ഔദ്യോഗിക ജീവജാതി പ്രഖ്യാപനം


കോൺക്ലേവിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയുടെ തനത് പ്രകൃതിസമ്പത്ത് തിരിച്ചറിയുന്നതിനായുള്ള ഔദ്യോഗിക ജീവജാതി പ്രഖ്യാപനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചു.

വിഭാഗം	പ്രഖ്യാപിച്ച ജീവജാതി/ സസ്യഇനം
ജില്ലാ ജന്തുജാതി	കുഞ്ഞൻ പാരാൻ (അണ്ണാൻ വർഗം)
പുഷ്പജാതി	ഡ്യൂറി ഓർക്കിഡ് (Dewree Orchid)
ജില്ലാ ഫലം	ഞാവൽ
ശലഭം	സന്ധ്യശലഭം
മത്സ്യം	കുഴിപ്പുളവൻ
പക്ഷി	കാട്ടുഞ്ഞാലി
ജില്ലാ വൃക്ഷം	അബ്രഹാം ഞാവൽ
പൈതൃക വൃക്ഷം	മലമ്പുളി
കാർഷികവിള	വെള്ളായണി വഴുതന
ഔഷധസസ്യം	ആരോഗ്യപ്പച്ച
വന്യകിഴങ്ങുവർഗം	കാട്ടുകാച്ചിൽ
സൂക്ഷ്മജീവി	ലാക്ടിക്കേസിബാസിലസ് റാംനോസസ് (Lacticaseibacillus rhamnosus)

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി അധ്യക്ഷത വഹിച്ചു. പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും പ്രകൃതി സംരക്ഷണത്തെക്കുറിച്ച് കൃത്യമായ അവബോധം വളർത്തുന്നതിനായി ജില്ലയിലെ തനത് ജീവജാതികളെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രത്യേക പ്രദർശന ബോർഡുകൾ സർക്കാർ ഓഫീസുകളിലും വിദ്യാലയങ്ങളിലും ഉടൻ സ്ഥാപിക്കുമെന്ന് പ്രസിഡന്റ് അറിയിച്ചു. വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവേഷകർ, വിഷയവിദഗ്ധർ എന്നിവരെ ഒരുമിച്ചണിനിരത്തി വരും വർഷങ്ങളിലും ഇത്തരം അന്താരാഷ്ട്ര കോൺക്ലേവുകൾ തുടർന്നു സംഘടിപ്പിക്കുമെന്നും അവർ വ്യക്തമാക്കി.

വിദഗ്ധ സാങ്കേതിക സെഷനുകൾക്ക് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽകുമാർ, മെമ്പർ സെക്രട്ടറി ഡോ. അനിൽകുമാർ സി. എന്നിവർ സംയുക്തമായി നേതൃത്വം നൽകി.

ക്ലോണിംഗും ബഹുവർധനവും: അപൂർവ വൃക്ഷങ്ങളുടെ ദ്രുതഗതിയിലുള്ള ബഹുവർദ്ധനവിനും സംരക്ഷണത്തിനുമായി വാണിജ്യാടിസ്ഥാനത്തിലുള്ള ക്ലോണിംഗ് എന്ന വിഷയത്തിൽ അന്താരാഷ്ട്ര ക്ഷണിത പ്രഭാഷകൻ ഡോ. പുത്തിയപറമ്പിൽ ജോസുകുട്ടി മുഖ്യപ്രഭാഷണം നടത്തി.



ശാസ്ത്രീയ പ്രഭാഷണങ്ങൾ: ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (JNTBGRI) സീനിയർ ടെക്നിക്കൽ ഓഫീസർ ഡോ. ഇ. എസ്. സന്തോഷ്കുമാർ, വന്യജീവി ഗവേഷകനും സംരക്ഷകനുമായ ഡോ. കലേഷ് സദാശിവൻ, സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം ഡയറക്ടർ ഡോ. സാബു തോമസ് എന്നിവർ ജൈവവൈവിധ്യ സംരക്ഷണം, ജില്ലാ സൂക്ഷ്മജീവിയുടെ പ്രാധാന്യം തുടങ്ങിയ വിവിധ ശാസ്ത്രീയ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

തിരുവനന്തപുരം ജില്ലയുടെ സമ്പന്നമായ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും ദീർഘകാല പരിപാലന പ്രവർത്തനങ്ങൾക്ക് കരുത്തുറ്റ ശാസ്ത്രീയ അടിത്തറ പാകുന്നതിനും 'അനന്തവൈവിധ്യം 2026' വഴിത്തിരിവായി മാറുമെന്നു വിലയിരുത്തപ്പെടുന്നു.

തയ്യാറാക്കിയത് : **അനീറ്റ ആന്‍ഡ്രൂസ്**



ക്യാമ്പസുകളിൽ ഇനി കുടുംബശ്രീയുടെ ജെൻസി വൈബ്

കോളേജ് വിദ്യാർത്ഥിനികൾക്ക്
കുടുംബശ്രീയിൽ ചേരാൻ അവസരം

പഠനത്തോടൊപ്പം
തൊഴിൽ നൈപുണ്യവും
പരിശീലനവും നേടാം

കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള
സംസ്ഥാനതല ക്യാമ്പയിന്
നവംബർ 19-ന് തുടക്കം

പുതിയ കാലത്തിന്റെ ട്രെൻഡുകൾക്കൊപ്പം പുതിയ തലമുറയുടെ ആശയങ്ങളും ഊർജവും ഇനി കുടുംബശ്രീക്കൊപ്പം. ഇതിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥിനികൾക്ക് കുടുംബശ്രീയിൽ ചേരാൻ അവസരമൊരുക്കി കുടുംബശ്രീ പുതിയ ചുവട്വയ്പ്പിന് ഒരുങ്ങുന്നു. കോളേജ് പഠനത്തോടൊപ്പം ഇഷ്ട മേഖലകളിൽ തൊഴിൽ നൈപുണ്യം നേടാനും സംരംഭകത്വത്തിലൂടെ വരുമാനം കണ്ടെത്താനും യുവതലമുറയ്ക്ക് അവസരമൊരുക്കുകയാണ് ലക്ഷ്യം. ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എിവിടങ്ങളിൽ പ

ഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഓക്സിലറി ഗ്രൂപ്പുകളിൽ അംഗമാകാം. കോളേജിൽ ഐച്ഛിക വിഷയം പഠിക്കുന്നതിനൊപ്പം തന്നെ നൈപുണ്യ വികസനം നേടാനും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാനും പെകുട്ടികളെ പ്രാപ്തരാക്കുതിന് പദ്ധതി സഹായകമാകും. കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള സംസ്ഥാനതല ക്യാമ്പയിൻ നവംബർ 19-ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം ഷാജി ഉദ്ഘാടനം ചെയ്യും.

ഐഡിയ നിങ്ങളുടേത്, അവസരങ്ങൾ കുടുംബശ്രീയിലൂടെ

പുതിയ സ്റ്റാർട്ടപ് ആശയങ്ങളുണ്ടോ? ഡിജിറ്റൽ ലോകത്ത് സ്വന്തം സംരംഭങ്ങൾ ആരംഭിക്കണോ? പഠനത്തോടൊപ്പം വരുമാനം നേടാൻ ആഗ്രഹമുണ്ടോ? കുടുംബശ്രീയിലൂടെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് ഇപ്പോൾ ഒരുങ്ങുന്നത്. വിദ്യാർത്ഥികളുടെ അഭിരുചികൾ കണ്ടെത്തിയ ശേഷം അവർക്കനുയോജ്യമായ തൊഴിൽ പരിശീലന പദ്ധതികൾ നടപ്പാക്കുന്നതിനാണ് കുടുംബശ്രീ ഉദ്ദേശിക്കുന്നത്. ഏറ്റവും മികച്ച പരിശീലന ഏജൻസികളുടെ പിന്തുണയോടെയാണ് ഇതു നടപ്പാക്കുക. വിദ്യാർത്ഥികൾക്ക് സംരംഭം തുടങ്ങുതിനാവശ്യമായ തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ, സാങ്കേതിക പിന്തുണ, ഉൽപന്ന വിപണനം, മാർക്കറ്റിങ്ങ്, ബാങ്ക് വായ്പ എന്നിവയെല്ലാം കുടുംബശ്രീ ലഭ്യമാക്കും. സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ, സംരംഭങ്ങൾക്കുള്ള സാമ്പത്തിക പിന്തുണ, ഡിജിറ്റൽ മാർക്കറ്റിങ്ങിലൂടെ ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള അവസരങ്ങൾ എന്നിവയും ലഭ്യമാക്കും.

ക്യാമ്പസിൽ നിന്ന് കരിയറിലേക്ക്; പഠനത്തിൽ നിന്ന് സംരംഭത്തിലേക്ക്

സോഷ്യൽ വർക്ക്, ഡെവലപ്മെന്റ് സ്റ്റഡീസ്, അഗ്രികൾച്ചർ, റൂറൽ ഡെവലപ്മെന്റ് തുടങ്ങിയ വിഷയങ്ങൾ പഠിക്കുന്നവർക്ക് കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിജ്ഞാനം നേടാനുള്ള അവസരവും ഇതിലൂടെ ലഭിക്കും. കുടുംബശ്രീയുടെ വിവിധ വികസന പദ്ധതികൾ അടുത്തറിയുന്നതിനൊപ്പം തങ്ങളുടെ പഠനമേഖലയുമായി ബന്ധപ്പെട്ട് ഇന്റേൺഷിപ് ചെയ്യാനും അവസരമുണ്ടാകും. പഠനം പൂർത്തിയാക്കിയ ശേഷവും സംരംഭങ്ങൾ തുടരുന്നതിനാവശ്യമായ പിന്തുണ കുടുംബശ്രീ മുഖേന വിദ്യാർത്ഥികൾക്ക് ലഭ്യമാക്കും. വിവര സാങ്കേതിക മേഖല ഉൾപ്പെടെയുള്ള മേഖലകളിൽ യുവതലമുറയുടെ നൂതന ആശയങ്ങൾ സാമൂഹിക വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിനൊപ്പം കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്താനും ഈ സംരംഭം ലക്ഷ്യമിടുന്നു.

സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമാർജന







രംഗത്ത് 28 വർഷം പിന്നിട്ട കുടുംബശ്രീ പുതിയ തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കി പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുകയാണ്. യുവത്വത്തിന്റെ വൈബും ആശയങ്ങളും സാമൂഹിക പ്രതിബദ്ധതയും ഒരുമിക്കുമ്പോൾ കുടുംബശ്രീക്കൊപ്പം വളരാനുള്ള പുതിയ അവസരങ്ങളാണ് വിദ്യാർത്ഥികളെ കാത്തിരിക്കുന്നത്.

തദ്ദേശ ഭരണത്തിൽ മാറ്റത്തിന്റെ പുതുവഴി തെളിച്ച് തേവലക്കര



പ്രാദേശിക ജനാധിപത്യത്തിന്റെ അടിത്തറയായ ഗ്രാമസഭകൾ ഡിജിറ്റൽ യുഗത്തിലേക്ക് ചുവടുവെക്കുന്നു.


പ്രവാസികളെയും നാടിന്റെ വികസന പ്രക്രിയയിൽ സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിലെ കോയിവിള വടക്ക് 17-ാം വാർഡിൽ സംഘടിപ്പിച്ച 'ഓൺലൈൻ ഗ്രാമസഭ' തദ്ദേശ ഭരണരംഗത്ത് പുതിയൊരു മാതൃകയായി തീർന്നിരിക്കുകയാണ്. ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനായി ഗ്രാമസഭകളെ ഓൺലൈൻ സംവിധാനത്തിലേക്ക് ഉയർത്തണമെന്ന ആശയത്തിന്റെ മികച്ച പ്രായോഗിക ആവിഷ്കാരമാണ് ഈ സംരംഭം.

2026 ഒക്ടോബർ 23 വെള്ളിയാഴ്ച കെ.വി.എം. സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ചടങ്ങിൽ വനം, വന്യജീവി, നൈപുണ്യ വികസന വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ ഓൺലൈൻ ഗ്രാമസഭയുടെ ഉദ്ഘാടനം നിർവഹിച്ചു.

ഗ്രാമത്തിന്റെ കൃത്യമായ വികസനലക്ഷ്യം മുൻനിർത്തി നടപ്പാക്കിയ ഈ നൂതന സംരംഭം മറ്റു തദ്ദേശ സ്ഥാപനങ്ങൾക്കും മാതൃകാപരമാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. രാഷ്ട്രീയത്തിനതീതമായി അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും നാടിന്റെ പുരോഗതിക്കായി ജന



പാലക്കൽ ഗോപൻ
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ



പ്രതിനിധികളും പൊതുജനങ്ങളും കൈകോർത്ത് പ്രവർത്തിക്കണമെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ വ്യക്തമാക്കി. വാർഡ് മെമ്പറും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായ പാലയ്ക്കൽ ഗോപന്റെ നേതൃത്വത്തിലാണ് ഈ വേറിട്ട പരിപാടി സംഘടിപ്പിച്ചത്.

ഓൺലൈൻ ഗ്രാമസഭയ്ക്ക് ആശംസകൾ അറിയിച്ചുകൊണ്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രത്യേക സന്ദേശം നൽകി. ജനാധിപത്യത്തിന്റെ അവിഭാജ്യ ഘടകവും പ്രാദേശിക വികസനത്തിന്റെ പ്രധാന വേദിയുമാണ് ഗ്രാമസഭകളെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

നവയുഗത്തിൽ പ്രവാസികളുടെ അറിവും അനുഭവസമ്പത്തും വികസനത്തിൽ പ്രയോജനപ്പെടുത്തുന്നത് നാടിന്റെ പുരോഗതി വേഗത്തിലാക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിയുന്ന കോയിവിള നിവാസികൾക്കും പ്രവാസികൾക്കും സ്വന്തം നാടിന്റെ വികസന തീരുമാനങ്ങളിൽ അഭിപ്രായങ്ങൾ പങ്കുവെക്കാൻ ഈ ഓൺലൈൻ സംവിധാനം വഴിയൊരുക്കുമെന്നും ഇത് ജനാധിപത്യപരമായ പങ്കാളിത്തം വർധിപ്പിക്കുമെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ദൂരങ്ങൾക്കപ്പുറത്തും നാടിനൊപ്പം പ്രവാസികൾ

തൊഴിൽ ആവശ്യങ്ങൾക്കായി വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും കഴിയുന്ന നിരവധി പേർക്ക് സമയപരിമിതിയും ദൂരക്കൂടുതലും മൂലം സാധാരണ ഗ്രാമസഭകളിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. ഇതുമൂലം നാടിന്റെ വികസന ചർച്ചകളിൽ അവരുടെ ശബ്ദം വേണ്ടുംവിധം കേൾക്കാതെ പോകുന്ന സാഹചര്യമുണ്ടായി.

ഈ വെല്ലുവിളിക്കുള്ള വിപ്ലവകരമായ പരിഹാരമാണ് കോയിവിള വടക്ക് 17-ാം വാർഡ് നടപ്പിലാക്കിയത്. ഓൺലൈൻ ലിങ്കിലൂടെ ലോകത്തിന്റെ ഏതു കോണിൽ നിന്നും പ്രവാസികൾക്ക് ഗ്രാമസഭയിൽ നേരിട്ട് പങ്കെടുക്കാനും വികസന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടാനും സാധിച്ചു. നാട്ടിലുള്ളവരും പ്രവാസികളും ഭരണ സംവിധാനവും ഒരേ വികസന ലക്ഷ്യത്തിനായി അണിനിരക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത.

ആദ്യ ഓൺലൈൻ ഗ്രാമസഭയിൽ വിദേശത്തിരുന്നു പങ്കെടുത്ത പ്രവാസികൾ വാർഡിലെയും പഞ്ചായത്തിലെയും അടിയന്തര ശ്രദ്ധ അർഹിക്കുന്ന നിരവധി വിഷയങ്ങൾ ഭരണസമിതിക്ക് മുന്നിൽ അവതരിപ്പിച്ചു:

- കനാലുകളുടെ സംരക്ഷണം: പ്രദേശത്തെ കനാലുകളുടെ ശോചനീയാവസ്ഥയും അവയിൽ മാലിന്യം തള്ളുന്ന പ്രവണതയും അടിയന്തരമായി പരിഹരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു.
- ശുചിത്വവും അടിത്തറ വികസനവും: കനാലുകൾ വൃത്തിയാക്കി ജലമൊഴുക്ക് സുഗമമാക്കുന്നതിനും, പ്രദേശത്തെ പരിസര ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദേശങ്ങൾ ഉയർന്നു വന്നു.

ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് പൂർണ്ണ അർഹത നൽകുന്ന ജനകീയ വികസന രീതിയാണ് നാടിനാവശ്യമെന്ന് വ്യക്തമാക്കിയാണ് ഗ്രാമസഭ പിരിഞ്ഞത്. പുതിയ സാങ്കേതികവിദ്യകളെ ഗ്രാമ വികസനത്തിനായി എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിന് ഒരു മികച്ച ഉദാഹരണമായി തേവലക്കരയുടെ ഓൺലൈൻ ഗ്രാമസഭ ചരിത്രത്തിൽ ഇടംപിടിക്കുന്നു.

പഞ്ചായത്ത് ഭരണസംവിധാനവും ജനപ്രതിനിധികളും പ്രവാസികളും നാട്ടുകാരും പരസ്പര സഹകരണത്തോടെ പ്രവർത്തിച്ചാൽ വികസനപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുമെന്ന സന്ദേശമാണ് പരിപാടി നൽകിയത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനിൽ എസ് അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡണ്ട് ഷേർലി ജേക്കബ്. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശഹുബാനത്ത്. ബ്ലോക്ക് പഞ്ചായത്ത് അംഗം അഡ്വക്കേറ്റ് റിയാസ് ഖാൻ. ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സെബാസ്റ്റ്യൻ ആന്റണി. പ്രശാന്തി അനിൽ. മേരി ഷേർളി. സുമേഷ് കുമാർ. ജയകുമാർ ജി. ആർ രാജീവൻ. ബഷീർ കുട്ടി. സംഗീത മോഹൻ ഗ്രാമസഭ കോഡിനേറ്റർ ആയ ദിവ്യ മനു. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ. സുമേഷ് എസ് കോയിവിള. മാമ്പുഴ ശ്രീകുമാർ. സുരേഷ് കോയിവിള. ഷാജഹാൻ കിണർവിള.ഷമീർ കോയിവിള. തുടങ്ങിയവർ സംസാരിച്ചു. സി ഡി എസ് മെമ്പർ താബിറ ന്യൂജും നന്ദിയും പറഞ്ഞു

THADDESAKAM (MONTHLY) SEPTEMBER 2026
₹30 Annual Subscription ₹300, Published on OCTOBER 2026
RNI No. KERMAL/2023/89208
Press Registrar General of India Dated 16/12/2024

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

9446700800

മാലിന്യം വലിച്ചെറിയുന്നത് തെളിവുകളോടെ റിപ്പോർട്ട് ചെയ്യൂ...

ചുമത്തുന്ന പിഴയുടെ നാലിലൊന്ന് പാരിതോഷികം



Printed & published and Owned by Dr. Divya S. Iyer I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Praveen S.R..